16
ഞായർ
ഒക്ടോബർ 2022
1198 കന്നി 30
Vol 4 Issue No 294


# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്




₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



# ഗവർണറുടെ അസാധാരണ നടപടി

## സെനറ്റ് പ്രതിനിധികളെ പിൻവലിച്ചു

## 15 പേർ അയോഗ്യർ

**തിരുവനന്തപുരം:** കേരള സർവകലാശാല സെനറ്റ് അംഗങ്ങളെ പിൻവലിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ചാൻസലറുടെ നോമിനികളായ 15 പേരെയാണ് പിൻവലിച്ചത്. കഴിഞ്ഞദിവസം വിളിച്ചുചേർത്ത സെനറ്റ് യോഗത്തിൽ നിന്ന് വിട്ടുനിന്നതാണ് അംഗങ്ങളെ പിൻവലിക്കാനുള്ള അസാധാരണ നടപടിയിലേക്ക് നീങ്ങിയത്. ശനിയാഴ്ച മുതൽ 15 അംഗങ്ങൾ അയോഗ്യരാണെന്ന് കാണിച്ച് കേരള സർവകലാശാല വി.സിക്ക് ചാൻസലറായ ഗവർണർ കത്ത് നൽകി. പിൻവലിച്ചവരിൽ അഞ്ച് പേർ സിൻഡിക്കേറ്റ് അംഗങ്ങൾ കൂടിയാണ്. വി.സി. നിയമനത്തിനായി ചാൻസലറായ ഗവർണർ രൂപവത്കരിച്ച സെർച്ച് കമ്മിറ്റിയിലേക്ക് സർവകലാശാലാ പ്രതിനിധിയെ നിശ്ചയിക്കുന്നതു ചർച്ച ചെയ്യാനാണ് കഴിഞ്ഞദിവസം യോഗം വിളിച്ചത്. എന്നാൽ 91 അംഗങ്ങളുള്ള സെനറ്റിൽ പങ്കെടുക്കാനെത്തിയത് വി.സി. ഡോ. വി.പി. മഹാദേവൻ പിള്ളയടക്കം 13 പേർ മാത്രമായിരുന്നു.
പ്രോ-വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തില്ല. ക്വാറം തികയ്ക്കാനുള്ള 19 പേർപോലുമില്ലാത്തതിനാൽ യോഗം നടന്നില്ല. നിലവിലെ വി.സി.യുടെ കാലാവധി 24-ന് പൂർത്തിയാവും.

# ഇതുപോലൊന്ന് നടത്തി കാണിക്കൂ' ബിജെപിയുടെ പരിഹാസത്തിന് തരൂരിന്റെ തിരിച്ചടി




**ന്യൂഡൽഹി:** കോൺഗ്രസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ പരിഹസിച്ച ബി.ജെ.പിയുടെ ഐ.ടി സെൽ മേധാവി അമിത് മാളവ്യയ്ക്ക് മറുപടിയുമായി ശശി തരൂർ.
കോൺഗ്രസിന്റെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് പരിഹാസമാണെന്ന് തരൂരിന് മനസിലായെന്നായിരുന്നു അമിത് മാളവ്യ ട്വിറ്ററിൽ കുറിച്ചത്. കോൺഗ്രസ് പാർട്ടിക്കുള്ളിലെ ആഭ്യന്തര അഭിപ്രായ വ്യത്യാസങ്ങളിൽ ബി.ജെ.പി ഇടപെടേണ്ടതില്ലെന്ന് തരൂർ മറുപടിയായി കുറിച്ചു.
'കോൺഗ്രസിനുള്ളിലെ ആഭ്യന്തര അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാൻ ഞങ്ങൾ പ്രാപ്തരാണ്. ഞങ്ങളുടെ പാർട്ടി തിരഞ്ഞെടുപ്പിൽ നിങ്ങളുടെ ഇടപെടൽ ആവശ്യമില്ല. ആദ്യം ഇത്തരത്തിലൊന്ന് നിങ്ങൾ നടത്താൻ ശ്രമിക്കൂ', തരൂർ ട്വിറ്ററിൽ കുറിച്ചു. പ്രതിനിധികളുടെ കൃത്യമായ പട്ടികയോ വിവരങ്ങളോ പോലും തരൂരിന് കൈമാറിയിട്ടില്ലെന്നാണ് മാളവ്യ പരിഹസിച്ചത്. ഖാർഗയുടെ കാര്യത്തിൽ സംസ്ഥാന പ്രസിഡന്റുമാർ ആവേശഭരിതരാണെങ്കിലും തരൂരിനെ അവരാരും തിരിഞ്ഞ് നോക്കുന്നുപോലുമില്ല. എം.എം.എസ് 2.0 പതിപ്പ് ഗാന്ധിമാർക്ക് ഉടനെ ലഭിക്കുമെന്നും മാളവ്യ പരിഹസിച്ചിരുന്നു.
ഒക്ടോബർ 17 നാണ് കോൺഗ്രസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടക്കുക. 19 ന് ഫലം പ്രഖ്യാപിക്കും.

# ദയാ ബായിയുടെ ആരോഗ്യസ്ഥിതി വഷളായി, പൊലീസ് വീണ്ടും ജനറൽ ആശുപത്രിയിലേയ്ക്ക് മാറ്റി



**തിരുവനന്തപുരം:** എൻഡോസൾഫാൻ ദുരന്തബാധിതരുടെ പ്രശ്നങ്ങൾ സർക്കാർ പരിഗണിക്കുന്നതിനായി സെക്രട്ടറിയേറ്റ് പടിക്കൽ നിരാഹരസമരം നടത്തുന്ന സാമൂഹ്യ പ്രവർത്തക ദയാ ബായിയെ പൊലീസ് വീണ്ടും ജനറൽ ആശുപത്രിയിലേയ്ക്ക് മാറ്റി. മുന്നോട്ട് വെച്ച ആവശ്യങ്ങൾ സർക്കാർ പരിഗണിക്കാത്തത് കൊണ്ട് രണ്ടാഴ്ചയായി തുടർന്ന് വരുന്ന നിരാഹാര സമരം മൂലം ദയാ ബായി അതീവ ക്ഷീണിതയാണെന്നും അവരെ മരണത്തിലേയ്ക്ക് തള്ളിവിടില്ലെന്നും സമരസമിതി പ്രതികരിച്ചു. ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന് ഇതിന് മുൻപും രണ്ട് തവണ ദയാ ബായിയെ പൊലീസ് ഇടപെട്ട് ആശുപത്രിയിലേയ്ക്ക് മാറ്റിയിരുന്നു. അപ്പോഴെല്ലാം ആശുപത്രിയിൽ തുടരാൻ കൂട്ടാക്കാത്ത ദയാ ബായി തിരികെ സമരപന്തലിലേയ്ക്ക് തന്നെ മടങ്ങുക ആയിരുന്നു
എൻഡോസൾഫാൻ ദുരിത ബാധിതർക്കായി പഞ്ചായത്തുകൾ തോറും ദിനപരിചരണ കേന്ദ്രങ്ങൾ തുടങ്ങുക, മെഡിക്കൽ കോളേജ് പൂർണ സജ്ജമാക്കുക, എയിംസ് പരിഗണനാപ്പട്ടികയിലേക്ക് കാസർഗോഡിനേയും ഉൾപ്പെടുത്തുക എന്നിവയായിരുന്നു സമര സംഘാടക സമിതി ഉന്നയിച്ച ആവശ്യങ്ങൾ. സർക്കാർ ഈ ആവശ്യങ്ങൾക്കെതിരെ കണ്ണടക്കുന്നു എന്ന് ആരോപിക്കുന്ന സമരസമിതി പ്രതിഷേധവുമായി ചൊവ്വാഴ്ച ആരോഗ്യമന്ത്രിയുടെ വീട്ടിലേക്ക് ബഹുജന മാർച്ച് സംഘടിപ്പിക്കും. അതേ സമയം കാസർഗോഡിന്റെ ആരോഗ്യ പരിമിതികളിൽ സർക്കാർ ഫലവത്തായി ഇടപെടാത്തതിനാൽ എൻഡോസൾഫാൻ ബാധിതരും അമ്മമാരും തലസ്ഥാനത്ത് എത്തിച്ചേരുമെന്നും സമരസമിതി അറിയിച്ചു




# പട്ടിണി രൂക്ഷമായ രാജ്യങ്ങളിൽ ഇന്ത്യ പാകിസ്ഥാനും ശ്രീലങ്കയ്ക്കും ബംഗ്ളാദേശിനും പിറകിൽ, റിപ്പോർട്ട് പുറത്ത്

**ന്യൂഡൽഹി:** 2022ലെ ആഗോള പട്ടിണി സൂചികയിൽ ഇന്ത്യ 107ആം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. അയൽരാജ്യങ്ങളായ നേപ്പാൾ (81), പാകിസ്ഥാൻ (99), ശ്രീലങ്ക (64), ബംഗ്ലാദേശ് (84) എന്നിവയ്ക്ക് പിന്നിലാണ് ഇന്ത്യ എന്നതാണ് ശ്രദ്ധേയമായ കാര്യം. കൺസേൺ വേൾഡ് വൈഡ്, വെൽത്ത് ഹംഗർ ലൈഫ് എന്നിവ സംയുക്തമായി നടത്തിയ അന്വേഷണ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.ഇന്ത്യക്ക് 29.1 പോയിന്റാണ് ഇവർ നൽകിയത്. 121ാം സ്ഥാനത്തുള്ള യെമൻ ആണ് പട്ടികയിൽ ഏറ്റവും പിന്നിൽ. യൂറോപ്യൻ രാജ്യങ്ങളെ പിന്തള്ളി ചൈനയും കുവൈത്തും ഒന്നാം സ്ഥാനത്തെത്തി. പ്രധാനമായും നാല് ഘടകങ്ങളാണ് പട്ടിക തയ്യാറാക്കുന്നതിന്റെ മാനദണ്ഡമായി പരിഗണിക്കുന്നത്. അഞ്ച് വയസിൽ താഴെയുള്ള കുട്ടികൾക്ക് അവരുടെ ഉയരത്തിന് അനുസരിച്ചുള്ള ശരീരഭാരമുണ്ടോയെന്നുള്ള പരിശോധന, കുട്ടികളിലെ ഉയരമില്ലായ്മ, പോഷകാഹാരക്കുറവ്, ശിശുമരണനിരക്ക് എന്നിവയാണ് പരിഗണിക്കുന്ന ഘടകങ്ങൾ.കഴിഞ്ഞ ഏതാനും വർഷങ്ങളായി ജി.എച്ച്.ഐയുടെ (ഗ്ളോബൽ ഹംഗർ ഇൻഡക്സ്) സ്കോർ ഇന്ത്യയുടെ കാര്യത്തിൽ കുറഞ്ഞുവരികയാണ്. 2000ൽ 38.8 എന്ന അപകടകരമായ സ്കോർ രേഖപ്പെടുത്തിയപ്പോൾ 2014 ആയപ്പോഴേക്കും അത് 28.2 ആയി കുറഞ്ഞു. അതിനു ശേഷം രാജ്യം ഉയർന്ന സ്കോർ രേഖപ്പെടുത്താൻ തുടങ്ങി. ലോകത്ത് ഏറ്റവും കൂടുതൽ ശിശുമരണം നടക്കുന്നത് ഇന്ത്യയിലാണെന്നും റിപ്പോർട്ടിൽ പറയുന്നു. രാജ്യത്ത് വർദ്ധിച്ചു വരുന്ന ജനസംഖ്യയും ഇതിനൊരു കാരണമാണ്. എന്നാൽ, അഞ്ച് വയസിന് താഴെയുള്ള കുട്ടികളുടെ വളർച്ചാമുരടിപ്പ് 2014ൽ 38.7 ആയിരുന്നത് 2022ൽ 35.5 ആയി കുറയ്ക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. അഞ്ച് വയസിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 2014ൽ 4.6 ആയിരുന്നത് 2022ൽ 3.3 ആയി കുറഞ്ഞു

## ആശാൻ

ഗവർണറുടെ
അസാധാരണ നടപടി സെനറ്റ് പ്രതിനിധികളെ
പിൻവലിച്ചു15 പേർ അയോഗ്യർ



ഇങ്ങനെ കുറെ അധികാരങ്ങൾ
ഗവർണർക്ക് ഉണ്ടെന്ന് മനസിലായത്
ഇപ്പഴാ

# ഇറാൻ പ്രതിഷേധത്തിൽ കൊല്ലപ്പെട്ടത് 23 കുട്ടികൾ, ഭീകരതയുടെ കണക്കുകൾ പുറത്തുവിട്ട് ആംനസ്റ്റി ഇന്റർനാഷണൽ

**ടെഹ്റാൻ:** ഇറാനിലെ മത പൊലീസ് മർദ്ദിച്ച് കൊലപ്പെടുത്തിയ മഹ്സ അമിനിയുടെ മരണത്തിനെ തുടർന്നുണ്ടായ പ്രതിഷേധങ്ങളിൽ കൊല്ലപ്പെട്ട കുട്ടികളുടെ വിവരം പുറത്തുവിട്ട് ആംനസ്റ്റി ഇന്റർനാഷണൽ. ചുരുങ്ങിയത് 23 കുട്ടികൾ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്. ഇതിൽ 11 വയസ് വരെയുള്ള കുട്ടികൾ ഉൾപ്പെടുന്നതായാണ് വിവരംമതനിയമപ്രകാരമുള്ള ശിരോവസ്ത്രം ധരിക്കുന്നതിന്റെ ഭാഗമായാണ് 22-കാരിയായ മഹ്സ അമിനിയെ പൊലീസ് അറസ്റ്റ് ചെയ്തത്. എന്നാൽ ദിവസങ്ങൾക്കുള്ളിൽ യുവതി മരണപ്പെട്ടതോടെ സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഇറാൻ ജനത പ്രതിഷേധിച്ച് തെരുവിലിറങ്ങുക ആയിരുന്നു. കഴിഞ്ഞ മാസത്തിലെ അവസാന ദിനങ്ങളിൽ കൊല്ലപ്പെട്ട കുട്ടികളുടെ വിവരങ്ങളാണ് പുറത്തു വിട്ടതെന്നാണ് ആംനസ്റ്റി ഇന്റർനാഷണൽ വ്യക്തമാക്കുന്നത്. 11നും 17നും ഇടയിലുള്ള 20 ആൺകുട്ടികളും 11നും 20നും ഇടയിൽ പ്രായമുള്ള മൂന്ന് പെൺകുട്ടികളുമാണ് ഈ കാലയളവിൽ മരണപ്പെട്ടത്. ഒക്ടോബർ മാസത്തിൽ കൊല്ലപ്പെട്ടവരുടെ വിവരങ്ങൾ റിപ്പോർട്ടിലില്ലെന്ന് ആംനസ്റ്റി വിശദമാക്കി.
മൂന്നാഴ്ചയായി ഇറാനിൽ അരങ്ങേറുന്ന പ്രതിഷേധങ്ങളിൽ കുറഞ്ഞത് 201 പേർ മരിച്ചെന്ന് നോർവെ ആസ്ഥാനമായി പ്രവർത്തിക്കുന്ന അവകാശ സംഘടനയായ ഇറാൻ ഹ്യൂമൻ റൈറ്റ്സ് അറിയിച്ചു. ഇതിൽ 23 കുട്ടികളും ഉൾപ്പെടുന്നു. തെക്ക് കിഴക്കൻ നഗരമായ സഹേദാനിലുണ്ടായ മറ്റൊരു ഏറ്റുമുട്ടലിൽ സുരക്ഷാ സേന വധിച്ച 93 പേരും മരണ സംഖ്യയിൽ ഉൾപ്പെടുന്നതായി സംഘടന പ്രസ്താവനയിൽ അറിയിച്ചു. ഇറാനിയൻ സ്കൂളുകളിലും തെരുവുകളിലും പ്രതിഷേധിച്ച കുട്ടികളെ പോലും സേന അറസ്റ്റ് ചെയ്യുന്നു. ഇവരുടെ കൃത്യമായി കണക്ക് ലഭ്യമല്ല. അതേ സമയം, ലഭ്യമായ കണക്കുകളേക്കാൾ കൂടുതൽ പേർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സുരക്ഷാ സേനയുമായി ഉണ്ടായ ഏറ്റുമുട്ടലുകളിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് സംഘടന പറഞ്ഞു. അറസ്റ്റ് ചെയ്യപ്പെട്ടവരെ ജയിലിന് പകരം ഒരു സൈകാട്രിക് സെന്ററിലേക്ക് മാറ്റുന്നതായും അനൗദ്യോഗിക ഉറവിടങ്ങളിൽ നിന്ന് റിപ്പോർട്ടുണ്ട്.
അതേ സമയം സർക്കാരിനെതിരെയുള്ള പ്രക്ഷോഭങ്ങൾ ശത്രുക്കൾ മെനഞ്ഞെടുത്ത ചിതറിത്തെറിച്ച കലാപങ്ങളാണെന്ന് ഇറാനിലെ പരമോന്നത നേതാവ് അയത്തുള്ള അലി ഖമനേയി ആരോപിച്ചു.




കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

# നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## വിട്ടുവീഴ്ചകൾ എല്ലാ ഭാഗത്തുമുണ്ടാകണം

വിഴിഞ്ഞത്ത് തീരദേശ സമരസമിതി നടത്തിവരുന്ന സമരം അവസാനിപ്പിച്ചാൽ അടുത്ത ഓണത്തിനു മുൻപ തുറമുഖ നിർമ്മാണം പൂർത്തിയാക്കി ആദ്യ കപ്പലിനെ വരവേൽക്കുമെന്നാണ് തുറമുഖ വകുപ്പുമന്ത്രിയും അദാനി ഗ്രൂപ്പിന്റെ പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചയിൽ ധാരണയായത്. വിഴിഞ്ഞത്ത് കൂറ്റൻ ചരക്കുകപ്പൽ നങ്കൂരമിടുന്നതുമായി ബന്ധപ്പെട്ട് ഇതിനകം ധാരാളം പ്രഖ്യാപനങ്ങളുണ്ടായിട്ടുണ്ട്. തുറമുഖ നിർമ്മാണത്തിന് ശിലാസ്ഥാപനം നിർവഹിച്ച മുൻ മുഖ്യമന്ത്രി അച്യുതനന്ദന്റെ ആദ്യ പ്രഖ്യാപനം തന്നെ ആയിരം ദിവസമെത്തുമ്പോൾ വിഴിഞ്ഞത്ത് കപ്പലടുക്കുമെന്നതായിരുന്നു. അതിനുശേഷം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. തുറമുഖ നിർമ്മാണം എങ്ങുമെത്തിയില്ലെന്നു മാത്രമല്ല പ്രദേശവാസികളുടെ സമരത്തിൽപ്പെട്ട് ഒരിഞ്ചു മുന്നോട്ടുപോകാനാകാത്ത വിധം നിർമ്മാണജോലികൾ സ്തംഭിച്ചിരിക്കുകയുമാണ്. സമരം അവസാനിപ്പിച്ച് ജോലികൾ പുനരാരംഭിക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നു തുടരുമ്പോഴും തിങ്കളാഴ്ച മുതൽ വഴിതടയൽ ഉൾപ്പെടെ സമരം ശക്തിപ്പെടുത്താനുള്ള തീരുമാനവുമായി നിൽക്കുകയാണ് അതിരൂപത. മുഖ്യമന്ത്രി ഇന്ന് വിദേശ പര്യടനം കഴിഞ്ഞു മടങ്ങിയെത്തിയാലുടനെ പ്രശ്നത്തിൽ ഇടപെട്ട് സമവായമുണ്ടാക്കുമെന്ന സൂചനയാണ് തുറമുഖ വകുപ്പുമന്ത്രി അഹമ്മദ് ദേവർകോവിൽ നൽകിയത്.

പടുകൂറ്റൻ കപ്പലുകൾക്കും അടുക്കാൻ പറ്റുന്ന രാജ്യാന്തര നിലവാരത്തിലുള്ള കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെട്ട ശേഷമാണ് പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിച്ചത്. പ്രകൃതിദത്തമായ എല്ലാവിധ സൗകര്യങ്ങളും കൊണ്ട് അനുഗൃഹീതമായ വിഴിഞ്ഞം വിദേശത്ത് എവിടെയെങ്കിലുമായിരുന്നെങ്കിൽ എന്നേ വൻകിട തുറമുഖം രൂപമെടുത്തേനെ. ഒരു വൻകിട തുറമുഖത്തിന്റെ സാദ്ധ്യതകളും അതു കൊണ്ടുവരുന്ന സമൃദ്ധിയും തിരിച്ചറിയാൻ ഇവിടെയുള്ളവർക്ക് കഴിയാതെ പോയതുകൊണ്ടു മാത്രമാണ് പ്രാദേശികമായി പരിഹാരം കാണാവുന്ന പ്രശ്നങ്ങളുടെ പേരിൽ തുറമുഖ നിർമ്മാണ ജോലികൾ സ്തംഭിപ്പിക്കുന്ന സമരമുറകൾ തുടരുന്നത്.

തുറമുഖ നിർമ്മാണത്തിനെതിരെ സമരം നടത്തുന്നവരോട് സർക്കാർ പ്രതികാര മനോഭാവം കൈക്കൊള്ളില്ലെന്ന് മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ സമരംമൂലം കമ്പനിക്കുണ്ടായ നഷ്ടം സമരം നടത്തുന്നവരിൽ നിന്ന് ഈടാക്കണമെന്ന നിലപാടിനും സർക്കാർ എതിരാണ്. എങ്ങനെയും സമരം അനുനയത്തിലൂടെ അവസാനിപ്പിക്കണമെന്ന സർക്കാരിന്റെ ആഗ്രഹമാണ് ഇതിലൂടെ പ്രതിഫലിക്കുന്നത്. വിട്ടുവീഴ്ചയില്ലാതെ സമരം തുടരുമെന്നു വാശിപിടിക്കുന്നവർ സാഹചര്യങ്ങൾ ഇനിയെങ്കിലും മനസിലാക്കണമെന്നാണ് പറയാനുള്ളത്. ഒരു തുറമുഖം വന്നതിന്റെ പേരിൽ ലോകത്ത് ഒരിടത്തും അതിഭീകരമായ തോതിൽ തീരശോഷണം ഉണ്ടായതായി കേട്ടുകേൾവി പോലുമില്ല. മൂന്നു കിലോമീറ്റർ നീളത്തിൽ കടലിൽ പുലിമുട്ടു നിർമ്മിക്കുന്നതുകൊണ്ടാണ് വിഴിഞ്ഞത്തും അഞ്ചുതെങ്ങിലും ചെല്ലാനത്തുമൊക്കെ കടൽ ക്ഷോഭിക്കുന്നതും കരയിലേക്കു അടിച്ചുകയറുന്നതെന്നുമുള്ള വാദത്തിന് ശാസ്ത്രീയാടിത്തറ ഇല്ല. എന്നിട്ടും ഈ പ്രശ്നം പഠിക്കാനായി സർക്കാർ നാലംഗ വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ തയ്യാറായി. സമരസമിതിക്കാരും ജനകീയ പഠന കമ്മിഷൻ രൂപീകരിച്ചിരിക്കുകയാണ്.

പകുതിയോളം പണി പൂർത്തിയായിരിക്കെ വിഴിഞ്ഞം തുറമുഖ നിർമ്മാണം ഉപേക്ഷിക്കണമെന്ന സമരസമിതിയുടെ ആവശ്യം അപ്രായോഗികവും അംഗീകരിക്കാൻ പറ്റാത്തതുമാണ്. അവർ ഉന്നയിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങളിൽ അംഗീകരിക്കാവുന്നവ അംഗീകരിച്ച് സമരം അവസാനിപ്പിക്കാനുള്ള വഴിയാണ് സർക്കാർ നോക്കേണ്ടത്. എല്ലാം ഒത്തുതീർന്നാൽ സർക്കാരിനും സമരസമിതിക്കും ആത്യന്തികമായി ജനങ്ങൾക്കും അതാകും നല്ലത്. വിട്ടുവീഴ്ചകൾ എല്ലാ ഭാഗത്തുമുണ്ടാകണം



## പാകിസ്താൻ ഏറ്റവും അപകടകാരിയായ രാജ്യങ്ങളിൽ ഒന്ന് – ജോ ബൈഡൻ

വാഷിങ്ടൺ: പാകിസ്താൻ ലോകത്തിലെ ഏറ്റവും അപകടകാരിയായ രാജ്യങ്ങളിലൊന്നാണെന്ന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ. ലോസ് ആഞ്ജലിസിൽ നടന്ന ഡെമോക്രാറ്റിക് കോൺഗ്രഷണൽ കാമ്പയിൻ കമ്മിറ്റി ചടങ്ങിൽ സംസാരിക്കുകയായിരുന്നു ബൈഡൻ.

ആണവ ആയുധങ്ങളുടെ ശേഖരത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. ബൈഡന്റെ പ്രസ്താവന ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്യുകയോ ഈ സമയം അദ്ദേഹം ടെലിപ്രോംപ്റ്റർ ഉപയോഗിക്കുകയോ ചെയ്തിരുന്നില്ല.

ലോകത്ത് മറ്റൊരു രാഷ്ട്രത്തലവനുമായും സമയം ചിലവഴിച്ചതിനേക്കാൾ കൂടുതൽ സമയം ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമൊത്താണ് താൻ

ചിലവാക്കിയിട്ടുള്ളതെന്നും ബൈഡൻ ചടങ്ങിൽ പറഞ്ഞു.

റഷ്യ-യുക്രൈൻ പ്രതിസന്ധി, ഹംഗറിയിലെ



## ആഗോള സമുദ്രനിരപ്പ് വർധനവ് ; ദ്വീപ് രാഷ്ട്രങ്ങൾ തുടച്ചു നീക്കപ്പെടുമോ?

സമുദ്രനിരപ്പിലെ വർധനവ് ദ്വീപ് സമൂഹങ്ങൾക്ക് ഭീഷണിയായേക്കുമെന്ന് റിപ്പോർട്ട്. 1900 മുതൽ ആഗോള സമുദ്ര നിരപ്പിൽ 15 മുതൽ 25 വരെ ശതമാനം വർധനവാണ് രേഖപ്പെടുത്തിയത്. ഇതേ തോത് തുടരുകയാണെങ്കിൽ പസഫിക്, ഇന്ത്യൻ മഹാസമുദ്രം എന്നിവിടങ്ങളിലെ സമുദ്ര നിരപ്പിൽ ഒരു മീറ്റർ കൂടി വർധനവ്കൂടി ഉണ്ടായേക്കുമെന്നാണ് കരുതപ്പെടുന്നത്.ഐക്യരാഷ്ട്രസഭയുടെ ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് നടത്തിയ പഠനങ്ങളിലാണ് ഇത് സംബന്ധിച്ച വിവരങ്ങളുള്ളത്. അഞ്ച് ദ്വീപ് രാഷ്ട്രങ്ങൾ താമസത്തിന് വിനിയോഗിക്കാൻ കഴിയാത്ത വിധത്തിൽ മാറിയേക്കുമെന്നാണ് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. മാലിദ്വീപ്, തുവാളു, മാർഷൽ ദ്വീപ്, നൗരു, കിരിബാറ്റി തുടങ്ങിയവയാണ് നിലവിൽ ഇത്തരത്തിൽ ഭീഷണി നേരിടുന്നത്.

റിപ്പോർട്ടിന് പിന്നാലെ 'റൈസിങ് നേഷൻസ്' എന്ന പദ്ധതിയുമായി പസഫിക് ഗവൺമെന്റുകൾ രംഗത്ത് എത്തിയിട്ടുണ്ട്. ആഗോളതാപന തോത് ഇതേ രീതിയിൽ തുടരുകയാണെങ്കിൽ ദ്വീപ് രാഷ്ട്രങ്ങൾ തുടച്ചു നീക്കപ്പെടുന്ന സാഹചര്യമുണ്ടായേക്കാമെന്നാണ് റിപ്പോർട്ടിലുള്ളത്.

## 2030ൽ ആവശ്യമുള്ള ഇന്ധനത്തിന്റെ 25 ശതമാനം സ്വയം ഉൽപ്പാദിപ്പിക്കും : ഹർദീപ് സിംഗ് പുരി

ന്യൂഡൽഹി: ഇന്ധനത്തിനായി മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടുന്ന ഇന്ത്യ എന്നത് ഇനി പഴങ്കഥയാകുമെന്ന ശുഭ സൂചന നൽകി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി.2030 ഓടെ ഇന്ത്യയിലെ ഇന്ധന ഖനനം വർദ്ധിക്കുമെന്നും ആവശ്യമുള്ളതിന്റെ 25 ശതമാനവും ഇന്ത്യൻ തീരങ്ങളിൽ നിന്നും ലഭിക്കുമെന്നുമാണ് കേന്ദ്രമന്ത്രി ശുഭാപ്തി വിശ്വാസം പ്രകടിപ്പിച്ചത്. രാജസ്ഥാനിൽ നടക്കുന്ന ഭൗമശാസ്ത്ര സമ്മേളനമായ ജിയോ ഇന്ത്യ 2022 പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

നിലവിൽ ഇന്ത്യ ഒരു ദിവസം 50 ലക്ഷം ബാരൽ എണ്ണയാണ് ഒരുദിവസം ഉപയോഗിക്കുന്നത്. ഇത് മൂന്ന് ശതമാനംകൂടി വർദ്ധിക്കാനാണ് പോകുന്നത്. ഈ വർദ്ധന ലോകശരാശരിയേക്കാൾ കൂടുതലാണെന്നും പുരി പറഞ്ഞു. എന്നാൽ ഇനി അധിക ആവശ്യത്തിന് വിദേശരാജ്യങ്ങളെ സമീപിക്കുന്നത് കുറയ്ക്കാനും തദ്ദേശീയമായ ഖനനം ചെയ്യുന്ന ക്രൂഡ് ഓയിൽ വഴി 25 ശതമാനം ആവശ്യം പൂർത്തികരിക്കാനാകുമെന്നാണ് പ്രതീക്ഷ.ഇന്ധന ഉപയോഗത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനും കാർബൺ സാന്നിദ്ധ്യം കുറയ്ക്കാനുള്ള പരിശ്രമവും വിജയം കാണുകയാണ്. എഥനോൾ ചേർത്ത ഇന്ധന ഉപയോഗം ഇന്ത്യയിൽ കഴിഞ്ഞ 9 വർഷത്തിൽ 10 ശതമാനമാണ് വർദ്ധിച്ചത്. ഇത് വഴി പുറന്തള്ളുന്ന കാർബണിന്റെ അളവ് 2.7 ദശലക്ഷം ടൺ കുറഞ്ഞെന്നും പെട്രോളിയം ഗവേഷണ രംഗത്തെ ശാസ്ത്രജ്ഞർ അറിയിച്ചു.

## ഇന്ധന ക്ഷാമം അനുഭവിക്കാതിരിക്കാൻ കാരണം ഇന്ത്യ: റെനിൽ വിക്രമസിംഗെ

കൊളംബോ: സാമ്പത്തികവും വാണിജ്യവുമായി തകരാതിരിക്കാൻ തങ്ങളെ സഹായിച്ചത് ഇന്ത്യയുടെ സമയോചിത ഇടപെടലെന്ന് ആവർത്തിച്ച് പ്രസിഡന്റ് റെനിൽ വിക്രമസിംഗെ.രാജ്യം നിശ്ചലമാകുമായിരുന്ന ഇന്ധന പ്രതിസന്ധിയാണ് ഇന്ത്യ പരിഹരിച്ചത്.ഓരോ ദിവസത്തേയും ശ്രീലങ്കയിലെ സ്ഥിതിഗതികൾ ചോദിച്ചറിഞ്ഞാണ് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം പ്രവർത്തിച്ചതെന്നും റെനിൽ പറഞ്ഞു. പ്രതിസന്ധി രൂക്ഷമാകും മുന്നേ ഇന്ത്യ ഇടപെട്ടന്നും ട്രിങ്കോമാലിയിൽ ഓയിൽ ടാങ്കുകൾ എത്തിച്ചാണ് ഇന്ത്യ തങ്ങളുടെ പ്രതിസന്ധികളെ ഒരു പരിധിവരെ ഇല്ലാതാക്കിയതെന്നും വിക്രമസിംഗെ പറഞ്ഞു. 2003ൽ ട്രിങ്കോമാലിയിലെ ഇന്ധന ടാങ്കുകളുടെ നിയന്ത്രണം ഇന്ത്യയെ ഏൽപ്പിച്ചത് പ്രതിസന്ധി ഘട്ടത്തിൽ ഗുണമായെന്നും വിക്രമസിംഗെ ചൂണ്ടിക്കാട്ടി.

ഒരു കാലഘട്ടത്തിൽ ഇന്ത്യയെ ട്രിങ്കോമാലിയിലെ ഇന്ധന മേഖല തീറെഴുന്നതിനെ എല്ലാ തൊഴിലാളി പ്രസ്ഥാനങ്ങളും ഒരുമിച്ച് എതിർത്തിരുന്നു. എന്നാൽ നിലവിലെ പ്രതിസന്ധിയിൽ ഇന്ത്യയ്ക്ക് സഹായിക്കാൻ സാധിച്ചത് ട്രിങ്കോമാലിയിൽ അനുമതി ലഭിച്ചതിനാൽ മാത്രമാണെന്ന് ഏവർക്കും ബോദ്ധ്യപ്പെട്ടു. ശ്രീലങ്ക ഇന്ത്യയോട് എന്നും കടപ്പെട്ടിരിക്കുന്നുവെന്നും വിക്രമസിംഗെ പറഞ്ഞു.

ട്രിങ്കോമാലി ജില്ലാ ഭരണകൂടത്തെ ശക്തിപ്പെടുത്തുകയാണ് നിലവിലെ പദ്ധതി. ഇന്ത്യയുടെ സഹായത്തോടെയാണ് വികസനം ലക്ഷ്യമിടുന്നത്. ഒരോ മേഖലയായി ഘട്ടംഘട്ടമായി ഭരണ സുസ്ഥിരത നേടാനാണ് ശ്രമമെന്നും വിക്രമസിംഗെ പറഞ്ഞു. തുറമുഖ നഗരമെന്ന നിലയിൽ വാണിജ്യ പ്രതിരോധ മേഖലകളിൽ ശ്രീലങ്കയെ സഹായിക്കുന്നത് ഇന്ത്യയാണെന്നും വിക്രമസിംഗെ പറഞ്ഞു.




## അടുത്ത അധ്യയനവർഷം മുതൽ പുതിയ ലിപിയും ഏകീകൃത രചനാശൈലിയും

തിരുവനന്തപുരം: മത്സരപ്പരീക്ഷകളിൽ പുതിയ ലിപിയും ഏകീകൃത രചനാശൈലിയും സ്വീകരിക്കുമെന്ന് ചീഫ് സെക്രട്ടറി വി.പി. ജോയ്. ഇതുസംബന്ധിച്ച് പി.എസ്.സി.യുമായി ചർച്ച നടത്തും. അടുത്ത അധ്യയനവർഷംമുതൽ അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ പരിഷ്കരിച്ച ലിപിയിലും രചനാരീതിയിലും ആയിരിക്കും.

ഭാഷാ മാർഗനിർദേശ വിദഗ്ധസമിതിയുടെ ശുപാർശപ്രകാരം പരിഷ്കരിച്ച ലിപിയും രചനാശൈലിയും സ്വീകരിക്കുന്നതിനെക്കുറിച്ച് പത്രാധിപന്മാരുമായി നടത്തിയ ചർച്ചയിലാണ് ചീഫ് സെക്രട്ടറി ഇക്കാര്യം അറിയിച്ചത്. പുതിയരീതി മാധ്യമങ്ങളും സ്വീകരിക്കാൻ ധാരണയായി.ള്ള, റ്/ര് എന്നിവയുടെ ഉപചിഹ്നങ്ങൾ അക്ഷരങ്ങളോട് ചേർത്തുമാത്രം എഴുതണമെന്നും കൂടുതൽ കൂട്ടക്ഷരങ്ങൾ ഉപയോഗിക്കണമെന്നുമാണ് പരിഷ്കരിച്ച ലിപിവ്യവസ്ഥയിലെ പ്രധാനമാറ്റം. വാക്കുകൾ എഴുതുന്നതിന് ഏകീകൃതരൂപം നിർദേശിക്കുന്ന 'മലയാളത്തിന്റെ എഴുത്തുരീതി' എന്ന ശൈലീപുസ്തകവും പുറത്തിറക്കി. പുസ്തകം **www.kerala.gov.in/malayalamfont** എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. ചർച്ചകളുടെ അടിസ്ഥാനത്തിൽ രചനാരീതിയിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾവരുത്തും. ശബ്ദതാരാവലി പുതിയ ലിപിയിലേക്കും രചാനശൈലിയിലേക്കും മാറ്റി റഫറൻസ് സംവിധാനമാക്കും.

അഞ്ച് സൗജന്യ ഫോണ്ടുകൾ

പുതിയ ലിപി സ്വീകരിച്ച് അച്ചടിക്കാൻ അഞ്ച് ഫോണ്ടുകളും പുറത്തിറക്കി. മന്ദാരം, തുമ്പ എന്നീ ഫോണ്ടുകൾ സി-ഡിറ്റ് രൂപകല്പന ചെയ്തവയാണ്. മലയാളത്തിന് കംപ്യൂട്ടർ ലിപി രൂപവത്കരിക്കാൻ നിസ്തുലസംഭാവനകൾ നൽകിയ കെ.എച്ച്. ഹുസൈനും സംഘവും രൂപംനൽകിയ മീര, രചന ഫോണ്ടുകളിൽ പുതിയ ലിപിക്കനുസരിച്ച് സർക്കാർ മാറ്റംവരുത്തി മീര, രഹന എന്നീ ഫോണ്ടുകൾക്ക് രൂപംനൽകി. സ്വതന്ത്ര മലയാളം കംപ്യൂട്ടിങ് സന്തോഷ് തോട്ടുങ്കലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മഞ്ജരി എന്ന ഫോണ്ടിൽ മാറ്റംവരുത്തി മഞ്ജുള എന്ന ഫോണ്ടിനും രൂപംനൽകി. ഈ ഫോണ്ടുകൾ **www.kerala.gov.in/malayalamfont þ**ൽനിന്ന് ഡൗൺലോഡ് ചെയ്യാം. പുതിയ ലിപിയനുസരിച്ച് കൂടുതൽ ഫോണ്ടുകൾക്ക് രൂപംനൽകുമെന്നും ചീഫ് സെക്രട്ടറി അറിയിച്ചു. യോഗത്തിൽ സർക്കാരിന്റെ ഔദ്യോഗിക ഭാഷാവിദഗ്ധൻ ആർ. ശിവകുമാറും പങ്കെടുത്തു.

SPECIAL-NEWS




# ടാറ്റ പവറിന് നേരെ സൈബറാക്രമണം; ഐടി സംവിധാനങ്ങളെ ബാധിച്ചു

ടാറ്റ പവറിന് നേരെ സൈബറാക്രമണം. കമ്പനിയുടെ ഐടി സംവിധാനത്തിന് നേരെയാണ് ആക്രമണം ഉണ്ടായത്. എങ്കിലും പ്രധാന പ്രവർത്തനങ്ങളെല്ലാം സാധാരണ നിലയിൽ നടക്കുന്നുണ്ടെന്നും സൈബറാക്രമണം നേരിട്ട സംവിധാനങ്ങൾ തിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കമ്പനി വ്യക്തമാക്കി. മുൻകരുതലിന്റെ ഭാഗമായി ജീവനക്കാരും ഉപഭോക്താക്കളും ഉപയോഗിക്കുന്ന പോർട്ടലുകൾക്ക് പ്രവേശന നിയന്ത്രണവും പരിശോധനകളും നടത്തുന്നുണ്ട്. തുടർനടപടികൾ പിന്നീട് അറിയിക്കുമെന്നും കമ്പനി പറഞ്ഞു. രാജ്യത്തെ ഊർജ വിതരണ ശൃംഖലയ്ക്ക് നേരെ തുടർച്ചയായി ആക്രമണങ്ങൾ ഉണ്ടാവുകയാണ്. അതേ സമയം ഇലക്ട്രിസിറ്റി ബില്ലിന് കീഴിൽ സൈബർ സുരക്ഷ ഉറപ്പ് വരുത്താനുള്ള പതിവ് പരിശോധനകളും സമയബന്ധിതമായ നടപടികളും നിർബന്ധമാക്കിക്കൊണ്ടുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്.




# ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ഫേസ്ബുക്ക് പേജ് ഹാക്ക് ചെയ്തു

**തിരുവനന്തപുരം:** കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ ഫേസ്ബുക്ക് പേജ് ഹാക്ക് ചെയ്യപ്പെട്ടു. ഇന്നലെ രാവിലെ മുതലാണ് അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടത്. സംഭവത്തിൽ അൽപ്പസമയത്തിനകം രാജ്ഭവൻ പൊലീസിൽ പരാതി നൽകും. പേജ് തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്നും രാജ്ഭവൻ അറിയിച്ചു. ഫേസ്ബുക്ക് പേജ് ഹാക്ക് ചെയ്യപ്പെട്ട വിവരം കേരള ഗവർണറുടെ ഔദ്യോഗിക ട്വിറ്റർ അക്കൗണ്ടിലൂടെയാണ് രാജ്ഭവൻ അറിയിച്ചത്. 'ഇന്ന് രാവിലെ മുതൽ എന്റെ ഫേസ്ബുക്ക് പേജ് ഹാക്ക് ചെയ്യപ്പെട്ടിരിക്കുകയാണ്. വിഷയം ഫേസ്ബുക്കിന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്, പേജ് പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ് ' എന്ന് ട്വിറ്റർ പോസ്റ്റിൽ ഗവർണർക്ക് വേണ്ടി രാജ് ഭവൻ പിആർഒ അറിയിച്ചു.







# മാംസം ഫ്രീസറിൽ സൂക്ഷിച്ചെന്നും പാകംചെയ്തെന്നും ലൈല; കഴിച്ചോയെന്ന ചോദ്യത്തിന് മറുപടിയില്ല

**പത്തനംതിട്ട:** ഇലന്തൂരിലെ നരബലിയുമായി ബന്ധപ്പെട്ട ഞെട്ടിക്കുന്ന കൂടുതൽ വെളിപ്പെടുത്തലുകൾ പുറത്ത്. കൊലപ്പെടുത്തിയ ശേഷം മനുഷ്യമാംസം അറുത്തെടുത്തു സൂക്ഷിച്ചുവെന്ന് പ്രതികളിൽ ഒരാളായ ലൈല തെളിവെടുപ്പിനിടെ പോലീസിനോടു പറഞ്ഞു. മനുഷ്യമാംസം കുക്കറിൽ വേവിച്ചുവെന്നും 10 കിലോ ശരീരഭാഗങ്ങൾ ഫ്രീസറിൽ സൂക്ഷിച്ചുവെന്നും അവർ പറഞ്ഞു. മാംസം പാകം ചെയ്ത പാത്രങ്ങളും ലൈല പോലീസുകാരെ ചൂണ്ടിക്കാണിച്ചു. നരബലിയ്ക്കിരയായ പത്മത്തെയും റോസ്‌ലിനെയും വീടിന്റെ മധ്യഭാഗത്തുള്ള മുറിയിലേക്കായിരുന്നു ആദ്യം എത്തിച്ചത്. പിന്നീട് പടിഞ്ഞാറുവശത്തുള്ള മുറിയിലേക്ക് മാറ്റി. ഇവിടെവെച്ചാണ് ഇവരെ കൊലപ്പെടുത്തിയത്. ഇരുവരുടെയും ശരീരഭാഗങ്ങൾ അവർ ജീവനോടെയിരിക്കേ തന്നെ അറുത്തുമാറ്റുകയും പിന്നീട് കൊലപ്പെടുത്തുകയുമായിരുന്നു. ഫ്രീസറിൽ രക്തക്കറ കണ്ടെത്തിയെന്നാണ് വിവരം. റോസ്‌ലിന്റെയും പത്മത്തിന്റെയും ആന്തരികാവയവങ്ങൾ ഉൾപ്പെടെയുള്ള പത്തുകിലോയോളം വരുന്ന ശരീരഭാഗങ്ങൾ ഫ്രീസറിൽ സൂക്ഷിച്ചിരുന്നെന്നാണ് ലൈല പറഞ്ഞിരിക്കുന്നത്. രണ്ടുഘട്ടമായാണ് ഇത് സൂക്ഷിച്ചിരുന്നത്. ഇരകളുടെ മാറിടങ്ങളും ആന്തരിക അവയവങ്ങളും ഉൾപ്പെടെയുള്ളവ കുക്കറിൽ പാകം ചെയ്തിരുന്നു. എന്നാൽ ഇത് കഴിച്ചുവോ എന്ന ചോദ്യത്തിന് ലൈല കൃത്യമായ മറുപടി നൽകിയിട്ടില്ലെന്നാണ് വിവരം. എന്നാൽ പാകം ചെയ്ത മാംസം പ്രതികളിൽ ചിലർ കഴിച്ചുവെന്നാണ് അന്വേഷണസംഘത്തിന്റെ നിഗമനം. വീടിന് പടിഞ്ഞാറുവശത്തെ മുറിയിൽവെച്ചായിരുന്നു റോസ്‌ലിന്റെയും പത്മത്തിന്റെയും മൃതശരീരം വെട്ടിമുറിച്ചത്. കാഴ്ചയ്ക്ക് പോസ്റ്റ് മോർട്ടം ടേബിളിന് സമാനമായിരുന്നു ഇവിടം.

# 40 അടിയിൽ കുഴിച്ചിട്ടാലും മണത്തറിയും; മായയും മർഫിയും കേരള പോലീസിന്റെ അഭിമാനം

**പത്തനംതിട്ട:** മായയും മർഫിയും.. കേരള പോലീസിന്റെ അഭിമാനതാരങ്ങളാണ് ഈ ഡോഗ് സ്ക്വാഡ് അംഗങ്ങൾ. ഇലന്തൂർ നരബലി കേസിൽ പ്രതികളെ പോലീസ് തെളിവെടുപ്പിനായി എത്തിച്ചപ്പോൾ ഒപ്പം ഇവരുമുണ്ടായിരുന്നു. കൊലപാതകം അരങ്ങേറിയ വീട്ടുപരിസരത്ത് പരിശോധന നടത്താനായിരുന്നു തൃശൂരിലെ പോലീസ് ക്യാമ്പിൽ നിന്ന് മായയേയും മർഫിയേയുമെത്തിച്ചത്. തെളിവെടുപ്പിലെ നിർണായക സാന്നിധ്യമായിരുന്നു ഇരുവരും. സംഭവസ്ഥലത്ത് എത്തിച്ചയുടൻ മായയും മർഫിയും പണി തുടങ്ങിയിരുന്നു. കാടുപിടിച്ചുകിടന്ന വിജനമായ പറമ്പിൽ അൽപനേരം അലഞ്ഞുതിരിഞ്ഞതിനു ശേഷം ഇവർ ഓടിയത് സമീപത്തെ കാവിലേക്കായിരുന്നു. നരബലിക്ക് ശേഷം രക്തമൊഴുക്കിയത് ഇവിടെയാണെന്ന് പ്രതി ലൈല പിന്നീട് പോലീസിനോട് പറഞ്ഞു. ഇന്ത്യയിലെ തന്നെ ആദ്യത്തെ കഡാവർ ഡോഗുകളാണ് മായയും മർഫിയും. ബെൽജിയം മലിനോയിസ് എന്ന വിഭാഗത്തിൽപ്പെട്ടതാണ് ഈ നായ്ക്കൾ. ഊർജസ്വലതയിലും ബുദ്ധികൂർമതയിലും വളരെ മുന്നിലാണ് ഇക്കൂട്ടർ. ഇവരുടെ ബുദ്ധികൂർമത പലപ്പോഴും പോലീസിനെപ്പോലും അമ്പരപ്പെടുത്തിയിട്ടുണ്ട്. നാല് മാസത്തെ പരിശീലനത്തിനിടെ തന്നെ മായയും മർഫിയും തങ്ങളുടെ വൈദഗ്ധ്യം തെളിയിച്ചിട്ടുണ്ടെന്ന് പോലീസ് ഉദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നു. ഹ്യൂമൻ റിസോണൻസ് ഡിറ്റക്ഷൻഡോസ് എന്ന വിഭാഗത്തിലാണ് മായയും മർഫിയും ഉൾപ്പെടുന്നത്. ഇവർക്ക് മണ്ണിനടിയിലെ മൃതദേഹങ്ങൾ കണ്ടെത്താനും മണം പിടിക്കാനും വിദഗ്ധ പരിശീലനം ലഭിച്ചിട്ടുണ്ട്. മണ്ണിൽ 40 അടി താഴെ വരെ ആഴത്തിലുള്ള മൃതദേഹാവശിഷ്ടങ്ങൾ കണ്ടെത്താൻ ഇവയ്ക്ക് കഴിയും. ഉരുൾപൊട്ടലുണ്ടായ പെട്ടിമുടി, കൊക്കയാർ എന്നിവിടങ്ങളിൽ മണ്ണിനടിയിൽനിന്ന് മൃതദേഹങ്ങൾ കണ്ടെത്താൻ സഹായിച്ചത് മായയും മർഫിയുമായിരുന്നു. പെട്ടിമുടിയിൽ എട്ട് മൃതദേഹങ്ങളാണ് മായ ഒറ്റയ്ക്ക് കണ്ടെത്തിയത്. കൊക്കയാറിൽ മായയും മർഫിയും ചേർന്ന് നാല് മൃതദേഹങ്ങളും കണ്ടെത്തി.2020 മാർച്ചിലാണ് മായയും മർഫിയും സേനയുടെ ഭാഗമായത്.





# സായിബാബയെ കുറ്റവിമുക്തനാക്കിയ ഹൈക്കോടതി വിധി മരവിപ്പിച്ചു; പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത് ഗുരുതര കുറ്റങ്ങളെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: മാവോയിസ്റ്റ് കേസിൽ പ്രൊഫ. ജി എൻ സായിബാബ ഉൾപ്പടെ ആറ് പേരെ കുറ്റവിമുക്തനാക്കിയ ബോംബെ ഹൈക്കോടതി വിധി സുപ്രീം കോടതി മരവിപ്പിച്ചു. പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത് ഗുരുതര കുറ്റങ്ങളാണെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. സമൂഹത്തിനും രാജ്യത്തിന്റെ പരമാധികാരത്തിനും എതിരെയുള്ള കുറ്റങ്ങളാണ് സായിബാബ അടക്കമുള്ളവർക്കെതിരെയുള്ളത്. തെളിവുകൾ വിശദമായി പരിശോധിച്ച ശേഷമാണ് ഇവരെ ശിക്ഷിച്ചതെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ഡൽഹി സർവകലാശാലയിലെ മുൻ പ്രൊഫസറായ സായിബാബ നാഗ്പൂർ സെൻട്രൽ ജയിലിലാണ് ഇപ്പോഴുള്ളത്.

വിചാരണക്കോടതിയായ മഹാരാഷ്ട്രയിലെ ഗഡ്ചിറോളി സെഷൻസ് കോടതി 2017ലാണ് സായിബാബ കുറ്റക്കാരനാണെന്ന് കണ്ടെത്തിയത്. തുടർന്ന് ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ഇത് ചോദ്യം ചെയ്ത് സായിബാബ സമർപ്പിച്ച അപ്പീലിൽ ഇന്നലെയാണ് ജസ്റ്റിസ് രോഹിത് ദിയോ, ജസ്റ്റിസ് അനിൽ പൻസാരെ എന്നിവരടങ്ങിയ ബെഞ്ച് കുറ്റവിമുക്തനാക്കിയത്. തുടർന്ന് സായിബാബയെ കുറ്റവിമുക്തനാക്കിയബോംബെഹൈക്കോടതിനാഗ് പൂർബെഞ്ചിന്റെവിധിക്കെതിരെമഹാരാഷ്ട്രസർക്കാർഅപ്പീൽനൽകുകയായിരുന്നു.



# ഡൽഹിയിൽ വായു മലിനീകരണത്തിന് പിന്നാലെ ജലമലിനീകരണവും

**ഡൽഹി :** ഡൽഹിയിലെ വായുമലിനീകരണത്തിന് ശേഷം പ്രധാന പ്രശ്നമായി തീർന്നിരിക്കുകയാണ് ജലമലിനീകരണം. യമുനാ നദിയിൽ മലിനീകരണം വലിയ തോതിൽ ഭീഷണി ഉയർത്തുന്ന സാഹചര്യമാണുള്ളത്. യമുനാ നദിയിലെ നോയിഡ മേഖലയിൽ മാലിന്യ തോത് ക്രമാതീതമായി ഉയർന്ന അവസ്ഥയിലാണുള്ളത്. ഇതോടെ പ്രധാൻ മന്ത്രി മത്സ്യ സംമ്പാദ് യോജനയുടെ ഭാഗമായി നദിയിൽ നടത്താനിരുന്ന മത്സ്യനിക്ഷേപം ഉപേക്ഷിച്ചിരിക്കുകയാണ് അധികൃതർ. പകരം ഈ മത്സ്യങ്ങളെ ഗംഗ നദിയുടെ ഹാപുർ മേഖലയിൽ നിക്ഷേപിക്കും. രോഹു, കട്‌ല തുടങ്ങിയ മത്സ്യങ്ങളെയാകും നിക്ഷേപിക്കുക. യമുനാനദിയുടെ ചില മേഖലകളിൽ ഓക്സിജൻ നിലവാരം വളരെ കുറഞ്ഞ അളവിലാണ്. ജലാശയങ്ങളിലെ ഓക്സിജൻ നിലവാര തോത് അടയാളപ്പെടുത്തുന്ന ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡ് (ബിഓഡി) ചിലയിടങ്ങളിൽ ലിറ്ററിന് 45 മില്ലിഗ്രാം മാത്രമാണുള്ളത്. ഇത് 3ാഴ/ഹ അതുമല്ലെങ്കിൽ അതിൽ താഴെയോ വേണമെന്നാണ് വിദ്ഗധർ നിഷ്കർഷിക്കുന്നത്. 2020 നവംബറിലെ ഡൽഹി പൊല്യൂഷൻ കൺട്രോൾ കമ്മിറ്റി (ഡിപിസിസി) റിപ്പോർട്ടും ഇത് ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതോടെ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതും നിത്യകാഴ്ചയാണ്. ശുചീകരിക്കാത്ത ഗാർഹിക മാലിന്യ ജലമാണ് പ്രധാന വില്ലനായി വിലയിരുത്തപ്പെടുന്നത്. നോയിഡയിലെ 22 കിലോമീറ്റർ ജലാശയം യമുന നദിയുടെ ആകെ മൂന്ന് ശതമാനമാണെങ്കിലും ഈ മേഖലയിൽ മലിനീകരണം ഉയർന്ന തോതിലാണ്. നിലവിൽ ഡൽഹിയിൽ ശുചീകരിക്കാത്ത മാലിന്യജലത്തിന്റെ 29 ശതമാനവും ഈ നദിയിലാണ് പുറന്തള്ളുന്നത്. നദിയിലെത്തുന്ന ഫീഷ്യൽ കോളിഫോം മത്സ്യസമ്പത്തിനാകെ ഭീഷണിയുർത്തും. തുണി അലക്കാനുപയോഗിക്കുന്ന ഡിറ്റർജന്റുകൾ നദിയിലെ ഫോസ്ഫേറ്റ് അളവയുർത്തുന്നതും മറ്റൊരു പ്രധാന ഭീഷണിയാണ്.

# മറ്റാർക്കുമൊപ്പമല്ലല്ലോ കുടുംബാംഗങ്ങൾക്കൊപ്പമല്ലേ മുഖ്യമന്ത്രിയും മന്ത്രിമാരും പോയത്, അതിലെന്താണ് തെറ്റെന്ന് വീണാ ജോർജ്

**തിരുവനന്തപുരം:** കുടുംബാംഗങ്ങൾക്കൊപ്പമുള്ള മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശ സന്ദർശനത്തെ പിന്തുണച്ച് ആരോഗ്യ മന്ത്രി വീണാ ജോർജ്. സ്വന്തം ഭാര്യയ്ക്കൊപ്പമല്ലേ മുഖ്യമന്ത്രി പോയതെന്നും, അതിലെന്താണ് തെറ്റെന്ന് വീണ ചോദിച്ചു. സർക്കാരിന്റെ പണം ഉപയോഗിച്ചല്ല മന്ത്രിമാരുടെ കുടുംബാംഗങ്ങൾ യാത്ര ചെയ്തതെന്നും വീണ ജോർജ് പറഞ്ഞു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശ സന്ദർശനം വിജയകരമാണെന്നും, അതിന്റെ വിശദാംശങ്ങൾ മുഖ്യമന്ത്രി തന്നെ ജനങ്ങളോട് വ്യക്തമാക്കുമെന്നും ആരോഗ്യമന്ത്രി പ്രതികരിച്ചു. കഴിഞ്ഞദിവസം മന്ത്രി ശിവൻകുട്ടിയും വിദേശ സന്ദർശനത്തെ ന്യായീകരിച്ചിരുന്നു. സ്വന്തം ഭാര്യമാരുമായിട്ട് മന്ത്രിമാർ വിദേശത്ത് പോയതിൽ എന്താണ് തെറ്റെന്നായിരുന്നു ശിവൻകുട്ടിയുടെ ചോദ്യം. രണ്ടാഴ്ചത്തെ യൂറോപ്പ്, ദുബായ് സന്ദർശനത്തിന് ശേഷം ഇന്ന് രാവിലെയാണ് മുഖ്യമന്ത്രി കേരളത്തിലെത്തിയത്. അതേസമയം, പിപിഇ കിറ്റ് അഴിമതിയിൽ മുൻ മന്ത്രി കെ കെ ശൈലജയ്ക്ക് നോട്ടീസ് അയച്ച ലോകായുക്ത നടപടിക്ക് അമിതപ്രാധാന്യം നൽകേണ്ടതില്ലെന്ന പ്രതികരണമാണ് വീണ ജോർജ് നടത്തിയത്. വെറുംനടപടി ക്രമം മാത്രമാണ് നടന്നതെന്നും, അതിനപ്പുറത്തേക്കൊന്നും വ്യാഖ്യാനിക്കേണ്ടതില്ലെന്ന് ആരോഗ്യമന്ത്രി ന്യായീകരിച്ചു



കേരള പ്രണാമം









# ഹിജാബിനെ കന്യാസ്ത്രീയുടെ ശിരോവസ്ത്രവുമായി താരതമ്യപ്പെടുത്തരുത്– ജലീലിന് കന്യാസ്ത്രീയുടെ മറുപടി

ഹിജാബും കന്യാസ്ത്രീ വേഷവും കോടതികളും– എന്ന തലക്കെട്ടിൽ ഫെയ്സ്ബുക്കിൽ കുറിപ്പിട്ട കെ.ടി. ജലീൽ എം.എൽ.എയ്ക്ക് മറുപടിയുമായി കന്യാസ്ത്രീ രംഗത്ത്. കർണാടകയിലെ ഹിജാബ് നിരോധന വിഷയവുമായി ബന്ധപ്പെട്ട സുപ്രീം കോടതിയുടെ ഭിന്നവിധിയുടെ പശ്ചാത്തലത്തിലായിരുന്നു ജലീലിന്റെ പരാമർശം. ഇതിന് പിന്നാലെയാണ് സിസ്റ്റർ സോണിയ തെരേസ് ഡി.എസ്.ജെയുടെ പ്രതികരണം. 'കുട്ടികൾക്ക് പാടില്ലാത്തത് പഠിപ്പിക്കുന്ന അദ്ധ്യാപികമാർക്ക് പാടുണ്ടാകുന്നതിന്റെ വൈരുദ്ധ്യം മനസ്സിലാകുന്നില്ല. കന്യാസ്ത്രീകളായ ടീച്ചർമാർക്ക് 'ഹിജാബ്' അനുദിക്കപ്പെട്ടേടത്ത് വിദ്യാർത്ഥിനികൾക്ക് സമാന അവകാശം അനുവദിക്കില്ലെന്ന വാശി ദുരൂഹമാണ്. കന്യാസ്ത്രീ വേഷത്തിൽ എത്രയോ കോളേജുകളിലും സർവകലാശാലകളിലും പെൺകുട്ടികൾ പഠിക്കുന്നുണ്ട്. ആരും അതിനെ ഇതുവരെ എതിർത്തിട്ടില്ല. ആരും കേസിന് പോയിട്ടുമില്ല. ഒരു കോടതിയും അക്കാര്യത്തിൽ ഇടപെട്ടിട്ടുമില്ല. എന്നിരിക്കെ 'ഹിജാബി'ന്റെ കാര്യത്തിൽ മാത്രം എന്തിനീ കോലാഹലം?,– എന്ന് ജലീൽ കുറിപ്പിൽ ചോദിച്ചിരുന്നു. ഈ കുറിപ്പിനാണ് സിസ്റ്റർ സോണിയ തെരേസ് മറുപടിയുമായി എത്തിയിരിക്കുന്നത്. 'ആദ്യം തന്നെ മുൻമന്ത്രി ശ്രീ ജലീലിനോട് മുസ്ലീം യുവതികൾ ധരിക്കുന്ന ഹിജാബിനെ ക്രൈസ്തവ സന്യസ്തർ ധരിക്കുന്ന ശിരോവസ്ത്രത്തോട് (വെയിൽ) താരതമ്യം ചെയ്യരുത് എന്ന് സ്നേഹപൂർവ്വം ഒന്ന് ഓർമ്മപ്പെടുത്തുന്നു. കാരണം പറക്കമുറ്റാത്ത പ്രായത്തിൽ ആരും അടിച്ച് ഏല്പിക്കുന്ന ഒന്നല്ല ക്രൈസ്തവ സന്യസ്തരുടെ ശിരോവസ്ത്രം. ക്രൈസ്തവ സന്യസ്തർ 19 വയസ് പൂർത്തിയാകാതെ ആരും ഈ വെയിലോ, സന്യാസ വസ്ത്രമോ ധരിക്കാറില്ല, എന്നാണ് സിസ്റ്ററുടെ കുറിപ്പ് ആരംഭിക്കുന്നത്. 'ക്രൈസ്തവ സന്യസ്തർ ഏതെങ്കിലും കോളേജിൽ പഠിക്കാൻ ചെല്ലുമ്പോൾ സന്യാസ വസ്ത്രം പാടില്ല എന്ന് ആ സ്ഥാപനം നിബന്ധന വച്ചാൽ, ഞങ്ങൾ ആരും സന്യാസ വസ്ത്രത്തോടെ എനിക്ക് അവിടെ പഠിച്ചേ മതിയാകൂ എന്ന് ഒരിക്കലും വാശി പിടിക്കാറില്ല. അല്ലെങ്കിൽ സന്യാസിനിയായ ഒരാൾക്കുവേണ്ടി 3000 കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലെ നിയമം പൊളിച്ചെഴുതണം എന്ന് പറഞ്ഞ് ഞങ്ങളാരും പ്രകോപനവും മാർച്ചുമായി അവരെ ശല്യം ചെയ്യാറില്ല. യൂണിഫോം കോഡുള്ള സ്ഥാപനത്തിൽ ആ യൂണിഫോം സ്വീകരിക്കാൻ സന്യാസ സഭയുടെ നിയമം അനുവദിക്കുന്നില്ലെങ്കിൽ മറ്റ് ഏതെങ്കിലും സ്ഥാപനത്തിൽ പോയി പഠിക്കും. ഒരു യൂണിഫോമിനു വേണ്ടി ആളെ കൂട്ടി കലാപം ഉണ്ടാക്കുന്ന തരംതാണ ശൈലി ഞങ്ങൾക്കില്ല'– എന്നും സിസ്റ്റർ സോണിയ തെരേസ് കുറിപ്പിൽ പറയുന്നു. സിസ്റ്റർ സോണിയ തെരേസ് ഡി.എസ്.ജെയുടെ ഫെയ്സ്ബുക്ക് കുറിപ്പിന്റെ പൂർണരൂപം മുൻമന്ത്രി ശ്രീ കെ. ടി. ജലീൽ ഇന്നലെ ഫേസ്ബുക്കിൽ 'ഹിജാബും കന്യാസ്ത്രീ വേഷവും കോടതികളും'. എന്ന തലക്കെട്ടോടെ കുറിച്ച പോസ്റ്റിന് ഒരു സന്യാസിനി നൽകുന്ന മറുപടി: ആദ്യം തന്നെ മുൻമന്ത്രി ശ്രീ ജലീലിനോട് മുസ്ലീം യുവതികൾ ധരിക്കുന്ന ഹിജാബിനെ ക്രൈസ്തവ സന്യസ്തർ ധരിക്കുന്ന ശിരോവസ്ത്രത്തോട് (വെയിൽ) താരതമ്യം ചെയ്യരുത് എന്ന് സ്നേഹപൂർവ്വം ഒന്ന് ഓർമ്മപ്പെടുത്തുന്നു. കാരണം പറക്കമുറ്റാത്ത പ്രായത്തിൽ ആരും അടിച്ച് ഏല്പിക്കുന്ന ഒന്നല്ല ക്രൈസ്തവ സന്യസ്തരുടെ ശിരോവസ്ത്രം. ക്രൈസ്തവ സന്യസ്തർ 19 വയസ് പൂർത്തിയാകാതെ ആരും ഈ വെയിലോ, സന്യാസ വസ്ത്രമോ ധരിക്കാറില്ല... ഒരു ക്രൈസ്തവ യുവതി സന്യാസിനി ആകാൻ ആഗ്രഹിച്ച് ഏതെങ്കിലും ഒരു മഠത്തിന്റെ പടികൾ കടന്ന് ചെന്നാൽ, 'ഇന്നാ പിടിച്ചോ. നീ ഈ വെയിലും വസ്ത്രവും ധരിച്ച് ഇനി മുതൽ ഇവിടെ ജീവിച്ചാൽ മതി' എന്ന് ഒരു സന്യാസ സഭയുടെ അധികാരികളും പറയില്ല. കാരണം അവൾ കടന്ന് പോകേണ്ട ചില കടമ്പകൾ ഉണ്ട്. അതായത് കുറഞ്ഞത് 5 വർഷം എന്താണ് സന്യാസം എന്ന് ആദ്യം തന്നെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ വ്യക്തമായി പഠിക്കണം. പിന്നെ അവരായിരിക്കുന്ന സന്യാസ സഭയുടെ നിയമാവലികളും അതാത് സന്യാസ സഭയുടെ ഡ്രസ്സ് കോഡും എന്താണ്, അത് എന്തിന് ധരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമായി പഠിച്ച ശേഷം അവൾക്ക് ബോധ്യമായ കാര്യങ്ങൾ ജീവിതത്തിൽ പാലിക്കാൻ കഴിയും എന്ന ഉറച്ച ബോധ്യം ഉണ്ടെങ്കിൽ മാത്രം, (ആരുടെയും നിർബന്ധത്തിന് വഴങ്ങിയല്ല) പൂർണ്ണ സ്വാതന്ത്ര്യത്തോടെ മാത്രം തിരഞ്ഞെടുക്കുന്ന ഒരു ജീവിതാന്തസാണ് സന്യാസം. വ്യത്യസ്ത ചൈതന്യം ജീവിക്കുന്ന 420 – ൽ പരം സന്യാസ സഭകൾ (വിവിധ പ്രോവിൻസുകൾ ഉൾപ്പെടെ) കേരളത്തിൽ ഇന്ന് നിലവിലുണ്ട്. അവരിൽ കാൽപാദം വരെ, അല്ലെങ്കിൽ മുട്ടിന് താഴെവരെ നീളമുള്ള ഉടുപ്പിനൊപ്പം ശിരോവസ്ത്രം ധരിക്കുന്നവരും ശിരോവസ്ത്രമില്ലാതെ സാരി മാത്രം ധരിക്കുന്നവരും ശിരോവസ്ത്രവും സാരിയും ധരിക്കുന്നവരും ചുരിദാർ മാത്രം ധരിക്കുന്നവരും ഒക്കെ ഉണ്ട്. ഓരോ സന്യാസ സഭയുടെയും ഡ്രസ്സ് കോഡുകൾ വ്യത്യസ്തമായിരിക്കും. കാലത്തിനും ദേശത്തിനും സംസ്കാരത്തിനും അനുസരിച്ച് അല്പം ഫ്ലെക്സിബിൾ ആകാൻ ഞങ്ങൾക്ക് മടി ഒന്നും ഇല്ല കേട്ടോ... അതായത് പിന്നോട്ടല്ല, മുന്നോട്ടാണ് ഞങ്ങൾ സഞ്ചരിക്കാറ്. 18 വയസ് പൂർത്തിയായ ഏതൊരു സ്ത്രീക്കും വിവാഹം കഴിക്കാൻ സ്വാതന്ത്ര്യമുള്ള ഈ രാജ്യത്ത് (18 വയസ് എന്ന് ഭരണഘടന പറഞ്ഞാലും 15 വയസ് മുതൽ നിർബന്ധിച്ച് വിവാഹം കഴിക്കേണ്ടി വരുന്ന ഇരുപത്തിഓരായിരത്തിൽ പരം യുവതികൾ കേരളത്തിൽ ഉണ്ട് എന്ന് ഏതാനും മാസങ്ങൾക്ക് മുമ്പ് വായിച്ചത് ഓർമ്മയിലുണ്ട്) ഒരു ക്രൈസ്തവ യുവതി പോലും ഇന്ന് 19 വയസിന് മുമ്പ് സന്യാസിനിയായി വ്രതം ചെയ്യാറില്ല എന്ന പച്ചയായ സത്യം ഒന്ന് ഓർമ്മിപ്പിക്കുന്നു. പിന്നെ 19 ആം വയസിലോ 20 ആം വയസിലോ ആദ്യവ്രതം ചെയ്യുന്ന സന്യാസിനികളിൽ ആരും തന്നെ 24 വയസിന് മുമ്പ് നിത്യവ്രതം ചെയ്യാറുമില്ല... നിത്യവ്രതം ചെയ്തെങ്കിൽ മാത്രമേ ഒരുവൾക്ക് യഥാർത്ഥ സന്യാസിനി എന്ന അംഗീകാരം കിട്ടുകയുള്ളൂ... ആദ്യവ്രതം മുതൽ നിത്യവ്രതം വരെയുള്ള 6 വർഷക്കാലം നവസന്യാസിനികൾക്ക് ആർക്കെങ്കിലും സന്യാസം ഉപേക്ഷിക്കണം എന്ന് തോന്നുകയാണെങ്കിൽ തിരിച്ച് പോകാനുള്ള എല്ലാ സ്വാതന്ത്ര്യവും ഓരോ സന്യാസ സഭയുടെയും നിയമാവലി വ്യക്തമായി നൽകുന്നുണ്ട്. നിത്യവ്രതം ചെയ്താൽ പോലും ഏതെങ്കിലും സന്യാസിനിക്ക് സന്യാസം ഉപേക്ഷിച്ച് വിവാഹം കഴിക്കാൻ ആഗ്രഹം തോന്നിയാൽ ആരും അവരെ നിർബന്ധിച്ച് പിടിച്ച് വയ്ക്കാറുമില്ല. അതുപോലെ തന്നെ ആരും അവരുടെ തലയറുക്കുകയോ, കൈകാലുകൾ വെട്ടി നുറുക്കുകയോ ചെയ്യാറില്ലെന്നേ... 'ഇന്ത്യൻ ഭരണഘടന അനുസരിച്ച് ഇഷ്ടപ്പെട്ട വസ്ത്രധാരണ രീതി സ്വീകരിക്കുന്നത് തെറ്റല്ല. മൗലികാവകാശമാണ്' എന്ന് താങ്കളുടെ പോസ്റ്റിൽ കുറിച്ചിട്ടുണ്ടല്ലോ. അപ്പോൾ പിന്നെ എന്തിനാണ് ക്രൈസ്തവ സന്യസ്തരെ നോക്കി ഇത്ര നൊമ്പരപ്പെടുകയും പിറുപിറുക്കുകയും ചെയ്യുന്നത്..? കേരള ഹൈക്കോടതിയുടെ വിധിയാണ് ഓരോ സ്ഥാപനങ്ങളിലെയും യൂണിഫോം കോഡ് മാറ്റിമറിക്കാൻ ഗവൺമെന്റിന് പോലും അധികാരം ഇല്ല എന്നത്. ക്രൈസ്തവ സന്യസ്തർ ഏതെങ്കിലും കോളേജിൽ പഠിക്കാൻ ചെല്ലുമ്പോൾ സന്യാസ വസ്ത്രം പാടില്ല എന്ന് ആ സ്ഥാപനം നിബന്ധന വച്ചാൽ, ഞങ്ങൾ ആരും സന്യാസ വസ്ത്രത്തോടെ എനിക്ക് അവിടെ പഠിച്ചേ മതിയാകൂ എന്ന് ഒരിക്കലും വാശി പിടിക്കാറില്ല. അല്ലെങ്കിൽ സന്യാസിനിയായ ഒരാൾക്കുവേണ്ടി 3000 കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലെ നിയമം പൊളിച്ചെഴുതണം എന്ന് പറഞ്ഞ് ഞങ്ങളാരും പ്രകോപനവും മാർച്ചുമായി അവരെ ശല്യം ചെയ്യാറില്ല. യൂണിഫോം കോഡുള്ള സ്ഥാപനത്തിൽ ആ യൂണിഫോം സ്വീകരിക്കാൻ സന്യാസ സഭയുടെ നിയമം അനുവദിക്കുന്നില്ലെങ്കിൽ മറ്റ് ഏതെങ്കിലും സ്ഥാപനത്തിൽ പോയി പഠിക്കും. ഒരു യൂണിഫോമിനു വേണ്ടി ആളെ കൂട്ടി കലാപം ഉണ്ടാക്കുന്ന തരംതാണ ശൈലി ഞങ്ങൾക്കില്ല... നീണ്ട വസ്ത്രവും ശിരോവസ്ത്രവും ധരിക്കുമ്പോഴും ഞങ്ങളുടെ മുഖം ഒരു തരത്തിലും ഞങ്ങൾ മറയ്ക്കാറില്ല. കാരണം മുഖം മറയ്ക്കുന്നത് ആ വ്യക്തിയുടെ വ്യക്തിത്വത്തെ തന്നെ ഇല്ലാതാക്കുന്നതിന് തുല്യമാണ്. പിന്നെ ആരുടെയും കാമക്കണ്ണുകളെ ഭയന്നല്ല ക്രൈസ്തവ സന്യസ്തർ സന്യാസ വസ്ത്രവും ശിരോവസ്ത്രവും ധരിക്കുന്നത്. മറിച്ച് നൂറ്റാണ്ടുകളായി അവിവാഹിതകളായ കന്യകകളും രാജകുമാരിമാരും ധരിക്കാറുള്ള വസ്ത്രമാണ് കൈ നീളമുള്ള നീണ്ട അങ്കി. (യഹൂദ–ക്രൈസ്തവ പാരമ്പര്യം ആണ് കേട്ടോ) ലൈംഗികതയ്ക്കും സുഖലോലുപതയ്ക്കും മാത്രം പ്രാധാന്യം നൽകി നെട്ടോട്ടം ഓടുന്ന കോടാനുകോടി ജനങ്ങൾക്ക് ഈ നീണ്ട വസ്ത്രം ധരിച്ച സന്യാസിനിമാർ ഒരു സാക്ഷ്യമാണ്. അതായത് ഈ ലോക സുഖങ്ങൾക്ക് അപ്പുറത്ത് മറ്റൊരു ജീവിതം ഉണ്ട് എന്ന സാക്ഷ്യം. ഇന്ന് നിങ്ങൾ നേടുന്ന നേട്ടങ്ങളും സുഖങ്ങളും വെറും വ്യർത്ഥമാണ് എന്ന ഒരു ഓർമ്മപ്പെടുത്തൽ... ഈ യാഥാർത്ഥ്യം അറിയാവുന്ന ഒരു സന്യാസിനിയും ഒരിക്കലും സന്യാസ വസ്ത്രം ഒരു അലങ്കാരമായി അണിയാറില്ല. കത്തോലിക്കാ സഭയെ താറടിച്ച് പേരിനും പ്രശസ്തിക്കും വേണ്ടി ചിലർ ഈ അടുത്ത നാളിൽ ക്രൈസ്തവ സന്യാസ വസ്ത്രം അലങ്കാരമായി എടുത്തണിയാറുണ്ടെന്ന കാര്യം മറന്ന് പോയിട്ടില്ല... 1979 ലെ വിപ്ലവത്തിൽ കൂടി അധികാരത്തിൽ എത്തിയ ഇറാനിലെ പരമാധികാരി നടപ്പിലാക്കിയ നിർബന്ധിത വസ്ത്രധാരണത്തിന് എതിരെ ഇന്ന് ഇറാനിൽ ഭയാനകമായ പ്രതിഷേധങ്ങൾ നടക്കുകയാണ്. ഒരു പക്ഷേ ഇറാനിലെ പ്രതിഷേധങ്ങൾ ഒന്നും കേരള മാധ്യമങ്ങളുടെ ശ്രദ്ധയിൽ പെടാറില്ലാത്തത് ഒരു പുത്തരിയല്ല. തങ്ങളുടെ സ്വാതന്ത്ര്യത്തെ അടിച്ചമർത്താൻ തങ്ങൾ സമ്മതിക്കില്ല എന്ന് സധൈര്യം വിളിച്ച് പറഞ്ഞ് മരണത്തെ പുൽകുന്ന നൂറുകണക്കിന് യുവജനങ്ങളുടെ ധീരത പാശ്ചാത്യ മാധ്യമങ്ങൾ ലോകത്തിന് മുമ്പിൽ തുറന്ന് കാണിക്കുമ്പോൾ ഒത്തിരി വേദന തോന്നി. ഏത് മതം ആണെങ്കിലും ഏത് ജീവിതാന്തസ് ആണെങ്കിലും ആരും ആരെയും അടിച്ചേൽപ്പിക്കുന്ന ഒന്നായിരിക്കരുത് വസ്ത്രധാരണം. പിന്നെ പ്രായപൂർത്തിയായ ഒരുവൾ പൂർണ്ണ സ്വാതന്ത്ര്യത്തോടെ തിരഞ്ഞെടുത്ത ഒരു ജീവിതാന്തസിനെ നോക്കി പിറുപിറുക്കാനും കുറ്റപ്പെടുത്താനും പോകുന്നത് അവളുടെ മൗലിക സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ഒരു കടന്നുകയറ്റം ആണ്. അതുകൊണ്ട് പരസ്പരം ബഹുമാനിക്കാൻ പഠിക്കാം എന്ന ഓർമ്മപ്പെടുത്തലോടെ

സ്നേഹപൂർവ്വം,


സി. സോണിയ തെരേസ് ഡി. എസ്. ജെ.





# സ്വർണക്കടത്ത് കേസിൽ സർക്കാരിന്റെ സത്യവാങ്മൂലം; ഇഡിയെ ഒഴിവാക്കി, സ്വപ്ന സുരേഷിന് രൂക്ഷവിമർശനം

ന്യൂഡൽഹി: സ്വർണക്കടത്ത് കേസിൽ ഇഡിക്കെതിരെ രാഷ്ട്രീയ വിമർശനം ഒഴിവാക്കിയും സ്വപ്ന സുരേഷിനെ രൂക്ഷമായി വിമർശിച്ചും സർക്കാരിന്റെ സത്യവാങ്മൂലം സുപ്രീം കോടതിയിൽ. സ്വർണക്കടത്ത് കേസിന്റെ വിചാരണ ബംഗളൂരുവിലേയ്ക്ക് മാറ്റണമെന്നാവശ്യപ്പെട്ട് ഇഡി നൽകിയ ഹർജിയിലാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത്. അന്വേഷണം സർക്കാരിനെ അപകീർത്തിപ്പെടുത്താനാണെന്ന് സത്യവാങ്മൂലത്തിൽ സർക്കാർ ആരോപിക്കുന്നു. സ്വർണക്കടത്ത് കേസിൽ ഉന്നതർക്കെതിരെ സ്വപ്ന സുരേഷ് ആരോപണങ്ങൾ ഉന്നയിക്കുന്നതിന് പിന്നിൽ ബാഹ്യസമ്മർദ്ദവും ഗൂഢലക്ഷ്യവുമുണ്ടെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു. കേസുമായി ബന്ധപ്പെട്ട ഇഡിയുടെ നടപടിക്രമങ്ങളെ മാത്രമാണ് വിമർശിക്കുന്നത്. സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ഡോ വി വേണുവാണ് സംസ്ഥാന സർക്കാരിന് വേണ്ടി സത്യവാങ്മൂലം സമർപ്പിച്ചത്. പന്ത്രണ്ട് തവണ ഇഡി മൊഴി രേഖപ്പെടുത്തിയപ്പോഴും വെളിപ്പെടുത്താത്ത കാര്യങ്ങളാണ് സ്വപ്ന സുരേഷ് ഇപ്പോൾ മജിസ്ട്രേറ്റിനും മാദ്ധ്യമങ്ങൾക്ക് മുമ്പാകെയും പറയുന്നത്. സ്വർണക്കടത്ത് കേസിന്റെ വിചാരണ ബംഗളൂരുവിലേയ്ക്ക് മാറ്റണമെന്നാവശ്യപ്പെട്ട് ഇഡി നൽകിയ ട്രാൻസ്ഫർ ഹർജി വ്യാഴാഴ്ച ചീഫ് ജസ്റ്റിസ് യു യു ലളിത് അദ്ധ്യക്ഷനായ ബെഞ്ച് പരിഗണിക്കും. അന്ന് തന്നെ ഹർജിയിൽ തീർപ്പാക്കുമെന്ന് ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കുന്നു.



# ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദ സാധ്യത, ചക്രവാതച്ചുഴിയും; കേരളത്തിൽ വീണ്ടും മഴ ശക്തമാകും; മുന്നറിയിപ്പ്

**തിരുവനന്തപുരം:** ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദ സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇതിന്റെ ഫലമായി കേരളത്തിൽ അടുത്ത ദിവസങ്ങളിൽ മഴ ശക്തമാകും. മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ചക്രവാതച്ചുഴി നിലനിൽക്കുന്നു. അടുത്ത 23 ദിവസം ഇത് തെക്കേ ഇന്ത്യക്ക് മുകളിലൂടെ സഞ്ചരിക്കാൻ സാധ്യതയുണ്ട്. ഒക്ടോബർ 18 ഓടെ വടക്കൻ ആൻഡമാൻ കടലിന് മുകളിൽ ചക്രവാതച്ചുഴി രൂപപ്പെട്ടേക്കും. പടിഞ്ഞാറു വടക്ക് പടിഞ്ഞാറു ദിശയിൽ സഞ്ചരിച്ചു ഒക്ടോബർ 20 ഓടെ വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾകടലിൽ എത്തിചേർന്നു ന്യുന മർദ്ദമായി ശക്തി പ്രാപിക്കാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇതിന്റെ ഫലമായി കേരളത്തിൽ കേരളത്തിൽ ഒക്ടോബർ 15 മുതൽ 19 വരെ വ്യാപകമായ മഴക്ക് സാധ്യതയെന്നാണ് മുന്നറിയിപ്പ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴ / ഇടിമിന്നലിനും സാധ്യതയുണ്ട്. ഒക്ടോബർ 17,18 തീയതികളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അതിശക്തമായ മഴക്കും സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

**യെല്ലോ അലർട്ട്**

സംസ്ഥാനത്തെ 9 ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് ഇന്ന് മഴ മുന്നറിയിപ്പ് നൽകിയിട്ടുള്ളത്. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ നാളെ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. വടക്കൻ കേരളത്തിൽ പാലക്കാട് മാത്രമാണ് നാളെ യെല്ലോ അലർട്ട് ഉള്ളത്. തിങ്കൾ. ചൊവ്വ ദിവസങ്ങളിൽ കണ്ണൂരും കാസർകോടും ഒഴികെയുള്ള 12 ജില്ലകളിൽ യെല്ലോ അലർട്ടാണ്. ബുധനാഴ്ച വയനാട്,കണ്ണൂർ, കാസർകോട് ഒഴികെയുള്ള ജില്ലകളിലും യെല്ലോ അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.



# എംഎൽഎ എൽദോസ് കുന്നപ്പിള്ളിലിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ ഈ മാസം 20ന് വിധി പറയും.

**തിരുവനന്തപുരം:** പെരുമ്പാവൂർ എംഎൽഎ എൽദോസ് കുന്നപ്പിള്ളിലിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ ഈ മാസം 20ന് വിധി പറയും. അദ്ധ്യാപികയുടെ പരാതിയിൽ എംഎൽഎ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ വാദം പൂർത്തിയായി. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയാണ് മുൻകൂർ ജാമ്യാപേക്ഷ പരിഗണിച്ചത്. പരാതിക്കാരിയെ എംഎൽഎ പല സ്ഥലങ്ങളിൽ കൊണ്ടുപോയി ലൈംഗികമായി ഉപദ്രവിച്ചെന്നും ദേഹോപദ്രവം ചെയ്തെന്നുമാണ് കേസ്. കോവളം പൊലീസ് കേസെടുത്തതിന് പിന്നാലെ എംഎൽഎ ഒളിവിൽ പോയി. മുൻകൂർ ജാമ്യാപേക്ഷ തള്ളിയാൽ എംഎൽഎയെ അറസ്റ്റ് ചെയ്യാനായിരുന്നു അന്വേഷണ സംഘത്തിന്റെ നീക്കം. വാദത്തിനിടെ എംഎൽഎയ്ക്ക് ജാമ്യം നൽകുന്നതിനെ പ്രോസിക്യൂഷൻ ശക്തമായി എതിർത്തു. വാദത്തിന് ബലം നൽകാൻ പരാതിക്കാരിയുടെ മൊഴിയും നിലവിൽ ശേഖരിച്ച തെളിവുകളും പ്രോസിക്യൂഷൻ ഹാജരാക്കിയിരുന്നു. മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നതിനിടെ, തനിക്കെതിരായ ബലാത്സംഗ പരാതി കെട്ടിച്ചമച്ചതാണെന്ന് എൽദോസ് കുന്നപ്പിള്ളിൽ വാദിച്ചിരുന്നു. നിരവധി കേസുകളിൽ പ്രതിയാണ് പരാതിക്കാരി. അവർക്കെതിരെ രണ്ട് വാറണ്ടുകൾ ഉണ്ട്. ഒരു സിഐയ്ക്കും എസ്ഐയ്ക്കുമെതിരെ വ്യാജ പരാതി ഉന്നയിച്ചവരാണ് പരാതിക്കാരി. എംഎൽഎ കോവളത്ത് വച്ച് ആക്രമിച്ചു എന്നു പറയുന്ന കഴിഞ്ഞ മാസം 14ന്, പൊലീസ് സംഭവ സ്ഥലത്തെത്തിയിരുന്നു എന്നും ഈ സമയത്ത് ഒരു പരാതിയും ഉന്നയിച്ചില്ല എന്നും എൽദോസിനായി ഹാജരായ അഭിഭാഷകൻ വാദിച്ചു. അടുത്ത ദിവസമാണ് വൂണ്ട് സർട്ടിഫിക്കറ്റ് ആശുപത്രിയിൽ നിന്ന് വാങ്ങിയത്. കഴിഞ്ഞ മാസം 28ന് പരാതി നൽകുമ്പോൾ ബലാത്സംഗം ചെയ്തുവെന്ന് വ്യക്തമാക്കിയിട്ടില്ലെന്നും എംഎൽഎ വാദിച്ചു




# തിരുവനന്തപുരം KSRTC യൂണിറ്റിൽനിന്ന് 1.17 ലക്ഷം രൂപ കാണാനില്ല, ഓഡിറ്റ് വിഭാഗം പരിശോധന തുടങ്ങി

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽ സാമ്പത്തിക തിരിമറി നടന്നതായി സംശയം. വരുമാനത്തിൽ നിന്ന് 1.17 ലക്ഷം രൂപ കാണാനില്ല. കെ.എസ്.ആർ.ടി.സി. ഓഡിറ്റ് വിഭാഗം പരിശോധന തുടങ്ങി. നാല് ദിവസം മുമ്പാണ് കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിൽ നിന്നുള്ള കുറവ് ശ്രദ്ധയിൽ പെട്ടത്. തുടർന്ന് നടത്തിയ പരിശോധനയിലാണ് 1.17 ലക്ഷം രൂപയുടെ കുറവുണ്ടെന്ന് കണ്ടെത്തിയത്. യൂണിറ്റ് ഓഫീസർ ഇതുസംബന്ധിച്ച് പരാതി കൈമാറിയതിന് പിന്നാലെയാണ് ഓഡിറ്റ് വിഭാഗം പരിശോധന നടത്തിയത്. പരിശോധനയിലും കണക്കിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടക്കുമെന്നാണ് കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് വ്യക്തമാക്കുന്നത്. ഡീസൽ ക്ഷാമം ഉണ്ടായിരുന്ന സമയത്ത് റിസർവേഷൻ ടിക്കറ്റ് മാത്രമായി ഓടിയ ബസുകളിൽ ഡീസൽ അടിച്ചതിന്റെ ബില്ല് നൽകിയിരുന്നില്ല. അതുകൊണ്ടാണ് ഇത്തരത്തിൽ പൊരുത്തക്കേട് ഉണ്ടായിരിക്കുന്നത് എന്നാണ് കെഎസ്ആർടി ജീവനക്കാരുടെ വിശദീകരണം.




# ഇന്ന് ലോക ഭക്ഷ്യദിനം

ഒക്ടോബർ 16, ഇന്ന് ലോക ഭക്ഷ്യദിനം. വിശപ്പും ദാരിദ്ര്യവും ലോകത്തു നിന്ന് തുടച്ചുനീക്കുക എന്നത് മനുഷ്യാവകാശമാണെന്നും അത് അന്താരാഷ്ട്ര സമൂഹത്തിനു കൂടുതലായി അറിയാൻ കഴിയണമെന്നും ലോക ഭക്ഷ്യദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.1945 ൽ രൂപീകൃതമായ ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ കാർഷിക സംഘടന ആണ് ഒക്ടോബർ 16 ഭക്ഷ്യ ദിനമായി ആചരിക്കുന്നത്. വളർത്തൂ, പരിപോഷിപ്പിക്കൂ, സുസ്ഥിരമാക്കൂ. ഒറ്റക്കെട്ടായി. നമ്മുടെ പ്രവർത്തികളാണ് നമ്മുടെ ഭാവി' എന്നതാണ് ഈ വർഷത്തെ ലോക ഭക്ഷ്യദിന തീം.1979 മുതലാണ് ഈ ദിനാഘോഷം ആരംഭിക്കുന്നത്. ദാരിദ്ര്യത്തിനും വിശപ്പിനും കാരണമായ ഒട്ടേറെ പ്രശ്നങ്ങളെ കുറിച്ച് ചിന്തിക്കാനും പരിഹാരം കണ്ടെത്താനുമുള്ള ബോധവത്കരണമാണ് ഈ ദിവസം കൊണ്ട് ഉദ്ദേശിക്കുന്നത്. ലോക ജനതയിൽ ഒരു വിഭാഗം വിശപ്പകറ്റാനുള്ള മാർഗങ്ങൾ തേടുമ്പോൾ മറുഭാഗത്ത് പുതിയ ഭക്ഷണരീതികൾ സൃഷ്ടിക്കുന്ന ജീവിതശൈലീ രോഗങ്ങൾ വർധിക്കുകയാണ് എന്നത് ഏറെ വേദനാജനകമായ വസ്തുതയാണ്. 45 വയസിന് മുകളിലുള്ളവർക്ക് മാത്രമാണ് ഹൃദ്രോഗവും പ്രമേഹവുമല്ലാം കണ്ട് വന്നതെങ്കിൽ ഇന്നിത് കുട്ടികളെ പോലും ബാധിച്ചിരിക്കുന്നു. കേരളത്തിൽ ഗ്രാമീണ മേഖലയിലും ഹൃദ്രോഗസാധ്യത കൂടി വരികയാണെന്നാണ് ഇന്ത്യൻ ഹാർട്ട് വാച്ച് സ്റ്റഡിയുടെ കണക്ക്.ലോകത്തിലെ വിശക്കുന്ന ആളുകളുടെ 70 ശതമാനം ആളുകളും താമസിക്കുന്നത് ഗ്രാമപ്രദേശത്താണ്. അവിടെ കൃഷിയാണ് വിശപ്പടക്കാനുള്ള മാർഗ്ഗവും ജീവിക്കാനുള്ള മാർഗ്ഗവും. ലോകത്തെങ്ങും കാർഷിക മേഖലയ്ക്കുള്ള വിദേശ നിക്ഷേപം 20 കൊല്ലമായി കുറഞ്ഞു വരികയാണെന്നതും ശ്രദ്ധേയമായ വസ്തുതയാണ്.2015 ഓടെ ലോകത്തിൽ വിശക്കുന്നവരുടേയും ദാരിദ്ര്യം അനുഭവിക്കുന്നവരുടേയും എണ്ണം ഇപ്പോഴത്തേതിൻറെ പകുതിയാക്കാമെന്ന് 1996 ൽ നടന്ന ലോകനഭക്ഷ്യസമ്മേളനത്തിൽ വിവിധ രാഷ്ട്രതലവന്മാർ തീരുമാനമെടുത്തിട്ടുണ്ട്.അതാത് കാലത്തു കിട്ടുന്ന പഴങ്ങളും പച്ചക്കറികളും ഇലക്കറികളും ഭക്ഷിക്കുക. ഇവ ഉണ്ടാക്കിയെടുക്കാനായി വീട്ടിൽ കൃഷി ചെയ്യുക, മല്ലി, തുളസി, ചീര, ഉലുവ എന്നിവ കഴികുക. വെള്ളമൊഴിച്ച് പരിപാലിക്കേണ്ടതില്ലാത്ത പേര, വാഴ, മാവ്, പപ്പായ, നാരകം എന്നിവ കൂടുതൽ വളർത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ജനങ്ങൾക്ക് മുമ്പിൽ ഭക്ഷ്യദിനത്തിൽ യുഎൻ അവതരിപ്പിച്ചിരിക്കുന്നത്.എല്ലാവർഷവും ഒക്ടോബർ 16 ആണ് ലോക ഭക്ഷ്യദിനമായി ആഘോഷിക്കുന്നത്. ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആന്ഡ് അഗ്രികള്ച്ചറല് ഓര്ഗനൈസേഷനാണ്(എഫ്.എ.ഒ.) ലോക ഭക്ഷ്യദിനാചരണത്തിന് നേതൃത്വം നല്കുന്നത്.

വിശപ്പ് എന്ന പ്രശ്നത്തെ നേരിടുന്നതിന് കൂട്ടായ പ്രവര്ത്തനത്തിലൂടെ ലോകമെമ്പാടും ബോധവത്കരണത്തിന് ആഹ്വാനം ചെയ്യുക, എല്ലാവര്ക്കും ആരോഗ്യപ്രദമായ ഭക്ഷണശൈലി ഉറപ്പുവരുത്തുക എന്നിവയാണ് ഈ ദിനാമാചരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

ഒരാളും വിശന്നിരിക്കരുതെന്ന് ലക്ഷ്യമിട്ടുകൊണ്ട് സുസ്ഥിരമായ ലോകത്തിനുവേണ്ടി സംഭാവനകള് നല്കിയ ആളുകളെ(ഫുഡ്ഹീറോസ്) സ്മരിക്കുക എന്നതാണ് ഈ വര്ഷത്തെ ഭക്ഷ്യദിനത്തിലെ തീം.

1945 ഒക്ടോബര് 16-നാണ് എഫ്.എ.ഒ. സ്ഥാപിതമായത്. ഇതിന്റെ ഓര്മ പുതുക്കി 1979 മുതലാണ് ഭക്ഷ്യദിനം ആചരിച്ചുതുടങ്ങിയത്. വിശപ്പ്, പോഷകാഹാരക്കുറവ്, ഭക്ഷ്യ ഉത്പാദനം എന്നിവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുക എന്നിവയാണ് ഈ ദിനമാചരിക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്.

**കൃഷി-ഭക്ഷ്യ സംവിധാനത്തെക്കുറിച്ചു വിവരിക്കുന്നതിനൊപ്പം ഞെട്ടിപ്പിക്കുന്ന ചില വസ്തുതകള്കൂടി എഫ്.എ.ഒ.യുടെ വെബ്സൈറ്റില് പറയുന്നുണ്ട്.**

1. ലോകജനസംഖ്യയുടെ 40 ശതമാനം പേര്ക്കും ആരോഗ്യപ്രദമായ ആഹാരക്രമം ലഭ്യമല്ല
2. മതിയായ അളവില് ഭക്ഷണം ലഭിക്കാത്തതിനാലോ വ്യായാമം ലഭിക്കാത്തതിനാലോ 20 ലക്ഷത്തോളമാളുകള്ക്ക് പൊണ്ണത്തടിയുണ്ടാകുകയും ശരീരഭാരം വര്ധിക്കുകയും ചെയ്യുന്നു.
3. ആഗോളതലത്തില് 33 ശതമാനത്തിലധികം ഹരിതഗൃഹവാതകങ്ങള് പുറന്തള്ളപ്പെടുന്നതിന് കാരണം ലോകത്തിലെ ഭക്ഷ്യസംവിധാനത്തിനാണ്
4. പരിമിതമായ വിളവെടുപ്പ്, കൈകാര്യം ചെയ്യല്, സംഭരിക്കല്, കൈമാറ്റം ചെയ്യല് എന്നിവ കാരണം 14 ശതമാനത്തോളം ഭക്ഷണം പാഴാകുന്നു. 17 ശതമാനത്തോളം ഭക്ഷണം പാഴാകുന്നതാകട്ടെ ഉപഭോക്തൃതലത്തിലുമാണ്.
5. കാര്ഷിക-ഭക്ഷ്യ മേഖല ലോകത്ത് നൂറുകോടിയിലധികം പേര്ക്ക് തൊഴില് നല്കുന്നു. ഇത് മറ്റേത് മേഖലകളുമായി തട്ടിച്ചുനോക്കുമ്പോള് മുന്പന്തിയിലാണ്.

**ഭക്ഷണം പാഴാക്കുന്നത് എങ്ങനെ കുറയ്ക്കാം**

എഫ്.എ.ഒ.യുടെ അഭിപ്രായം പ്രകാരം നമുക്കെല്ലാവര്ക്കും ഫുഡ് ഹീറോ ആകാന് കഴിയും. അതിനൊരു ചെറിയ കാര്യം മാത്രം ചെയ്താല് മതി. നമ്മള് സര്ക്കാര് മേഖലയിലോ സ്വകാര്യ മേഖലയിലോ ജോലി ചെയ്യുന്നവരാകട്ടെ, പ്രകൃതിയില്നിന്ന് പഠിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

1. ആരോഗ്യപ്രദമായ ആഹാരക്രമം പിന്തുടരുക. സംസ്കരിച്ച ഭക്ഷണങ്ങള് ഉപേക്ഷിക്കുക. ആരോഗ്യമുള്ള ശരീരവും പരിസ്ഥിതിയും നിലനിര്ത്തുക.
2. ആരോഗ്യത്തിന് ഉത്തമമായ ഉത്പന്നങ്ങള് തിരഞ്ഞെടുക്കുക, ഒപ്പം പ്രകൃതിക്ക് ഇണങ്ങിയതും. ഉത്പന്നങ്ങള് തിരഞ്ഞെടുക്കുന്നതിന് മുമ്പ് ലേബലുകളും പാക്കേജിങ് വിവരങ്ങലും ശ്രദ്ധാപൂര്വം വായിക്കുക
3. ഭക്ഷണം സംഭരിക്കുന്നത് മെച്ചപ്പെടുത്തുക. ഒപ്പം പാഴാക്കുന്നത് കുറയ്ക്കുക. എന്താണോ ഉപയോഗിക്കാനുള്ളത് അത് മാത്രം വാങ്ങുക. വാങ്ങിയാല് അത് മുഴുവനും ഉപയോഗിക്കുക എന്നതാണ് എഫ്.എ.ഒ. നിര്ദേശിക്കുന്നത്.
4. കഴിയുന്നിടത്തോളം സാധനങ്ങള് പുനരുപയോഗിക്കുക. കംപോസ്റ്റിങ് ഏറ്റവും മികച്ച മാര്ഗമാണ്. വീട്ടില് തന്നെ പഴങ്ങളും പച്ചക്കറികളും നട്ടുവളര്ത്താന് ശ്രദ്ധിക്കുക.



**ആഹാരം അമൂല്യമാണ് ,അത് പാഴാക്കരുത് എന്ന ഓർമ്മപ്പെടുത്തലുമായി വീണ്ടും ഭക്ഷ്യ ദിനം എത്തുമ്പോൾ ലോകത്ത് ഏഴിലോരാൾ പട്ടിണി നേരിടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 'വിശപ്പ് വാഴുന്നിടത്ത് സമാധാനം നിലനിൽക്കുകയില്ല, വിശക്കുന്നവനു മുമ്പിൽ യുക്തിയും മതവും പ്രാർഥനയും ഒന്നും വിലപ്പോകുകയുമില്ല' - പ്രശസ്ത റോമൻ ചിന്തകൻ സെനേക്കയുടെ വാക്കുകളാണ് ഇവ.പട്ടിണി നിർമാർജനവും ഭക്ഷ്യസുരക്ഷയും തന്നെയാണ് മറ്റെന്ത് വികസന ലക്ഷ്യങ്ങളെക്കാളും എക്കാലത്തെയും ജനങ്ങളുടെ സ്വപ്നം.ലോകമെമ്പാടും പിഞ്ചുകുട്ടികളും, വയോവൃദ്ധരും ഉൾപ്പടെ ലക്ഷക്കണക്കിന് പേരാണ് ഒരു നേരത്തിനു പോലും ഭക്ഷണമില്ലാതെ പട്ടിണി കിടക്കുന്നത്.ഭക്ഷണം കഴിഞ്ഞ് വയറു നിറഞ്ഞ ശേഷം മിച്ച ഭക്ഷണം ചവറ്റുകുട്ടയിൽ വലിച്ചെറിയും മുമ്പ് ഒരു നിമിഷം എങ്കിലും നിങ്ങൾ ഓർക്കണം. ഇവർക്ക് കൂടി അവകാശപ്പെട്ട ഭക്ഷണമാണ് നിങ്ങൾ വെറുതെ കളയുന്നത്.ആവശ്യത്തിന് ഭക്ഷണം മാത്രം വിളമ്പി കഴിക്കുക, ബാക്കി വരുന്ന ഭക്ഷണം എച്ചിലാക്കാതെ അതിന് വകയില്ലാത്തവർക്ക് കൂടി നൽകാൻ ശ്രമിക്കുക.**
**ഒരു മണി ചോറുപോലും വിലപ്പെട്ടതാണെന്ന് എപ്പോഴും ഓർക്കുക.**









BUSINESS NEWS




# ഇലക്ട്രിക് വാഹന കമ്പനിയായ അൾട്ടിഗ്രീൻ കേരളത്തിലേക്ക്

**കൊച്ചി :** ബംഗളൂരു ആസ്ഥാനമായ ഇലക്ട്രിക് വാഹനകമ്പനി അൾട്ടിഗ്രീൻ കൊച്ചിയിൽ ആദ്യ റീട്ടെയിൽ എക്സ്പീരിയൻസ് സെന്റർ തുറന്നു. ഈ മാസം ഇന്ത്യയിൽ ആരംഭിക്കുന്ന അഞ്ചാമത്തെ റീട്ടെയിൽ ഡീലർഷിപ്പാണിത്. ഈ രംഗത്തെ ഏറ്റവും പ്രമുഖരായ ഇവിഎം ഗ്രൂപ്പുമായി കൈകോർത്താണ് ആദ്യത്തെ റീട്ടെയിൽ ഡീലർഷിപ്പ് തുടങ്ങിയിരിക്കുന്നത്. ിലള്ളഢ എന്ന പേരിലുള്ള മുച്ചക്ര വാഹനവും അൾട്ടിഗ്രീൻ പുറത്തിറക്കി. എറണാകുളം റീജണൽ ട്രാൻസ്പോർട് ഓഫീസർ ശ്രീ ഷബീർ പി എം ഷോറൂം ഉദ്ഘാടനവും ഫ്ളാഗ് ഓഫും നിർവഹിച്ചു. ഗതാഗതം പരിസ്ഥിതി സൗഹൃദപരമാക്കാനും, ഫോസിൽ ഇന്ധനങ്ങൾക്ക് ചെലവ് കുറഞ്ഞ ഫലപ്രദമായ ബദലുകൾ കൊണ്ടുവരാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്ന് അൾട്ടിഗ്രീൻ ഫൗണ്ടറും സിഇ ഒയുമായ ഡോ.അമിതാഭ് ശരൺ പറഞ്ഞു. കാർബൺ രഹിത ഗതാഗതസൗകര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനും അത് എല്ലാവർക്കും ലഭ്യവും താങ്ങാനാവുന്നതുമാക്കി മാറ്റുന്നതിനുമുള്ള അവരുടെ ദൗത്യത്തിൽ അൾട്ടിഗ്രീനുമായി പങ്കു ചേരുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്ന് ഇവിഎം ഗ്രൂപ്പ് എംഡി സാബു ജോണി പറഞ്ഞു. വൈറ്റിലയിൽ തന്നെ വിൽപ്പനയും ചാർജിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.ബംഗളൂരുവിലും ഹൈദരാബാദിലും ഡൽഹിയിലും ലക്നോവിലും വിജയിച്ചതിന് ശേഷമാണ് കമ്പനി കൊച്ചിയിലേക്കും എത്തിയിരിക്കുന്നത്.




# 'നമ്മുടെ ബാല്യകാലത്തിന്റെ അവസാനം'; കാർട്ടൂൺ നെറ്റ്‌വർക്ക് ലയനവാർത്തയ്ക്കൊപ്പം ഓർമകൾ അയവിറക്കി നെറ്റിസൺസ്

1990കളിലാണ് വളർന്നതെങ്കിൽ, കാർട്ടൂൺ നെറ്റ്‌വർക്കിലെ 'ദി ഫ്ലിന്റ്സ്റ്റോൺസ്', 'ദി ജെറ്റ്സൺസ്', 'ദി പവർപഫ് ഗേൾസ്', 'ഡെക്സ്റ്റേഴ്സ് ലബോറട്ടറി', 'സ്കൂബി-ഡൂ' തുടങ്ങിയ പരിപാടികൾ നിങ്ങളുടെ ഹരമായിരുന്നിരിക്കണം.മൊബൈൽ ഫോണും ലാപ്ടോപ്പും പോലുള്ള ഗാഡ്ജെറ്റുകൾ ഇല്ലാതിരുന്ന കാലത്ത്, സ്കൂളിൽനിന്ന് മടങ്ങിയെത്തിയ ശേഷം ടിവിയിൽ മണിക്കൂറുകളോളം കാർട്ടൂൺ കാണുന്നത് കുട്ടികളുടെ സാധാരണ വിനോദമായിരുന്നു.അതിനാൽ, ലോകത്തെമ്പാടുമുള്ള എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളുടെ തുടക്കത്തിലും ജനിച്ചവർക്കു തങ്ങളുടെ പ്രിയപ്പെട്ട കാർട്ടൂൺ നെറ്റ്‌വർക്ക് വാർണർ ബ്രോസ് ആനിമേഷനുമായി ലയിക്കുമെന്ന വാർത്ത കേൾക്കുമ്പോൾ ഗൃഹാതുരത്വം തോന്നുന്നതിൽ അദ്ഭുതമില്ല.ലയനവാർത്തയ്ക്കു പിന്നാലെ അവർ, 'പോപ്പി ദി സെയ്‌ലർ', 'ബഗ്സ് ബണ്ണി ആൻഡ് ദി ലൂണി ടൂൺസ്', 'കറേജ് ദ കോവാർഡ്‌ലി ഡോഗ്', 'ജോണി ബ്രാവോ' തുടങ്ങിയ തങ്ങൾ കണ്ട ഷോകളും ഐതിഹാസിക കഥാപാത്രങ്ങളും ബാല്യകാല ഓർമകളും സോഷ്യൽ മീഡിയയിൽ വ്യാപകമായി പങ്കുവയ്ക്കുകയാണ്.'ഇത് ഒരു കാലഘട്ടത്തിന്റെ അവസാനമാണ്. നമ്മുടെ പഴയ ബാല്യകാലം അവസാനിച്ചു. എന്തുകൊണ്ടെന്നറിയില്ല, ഇതെന്നെ അൽപ്പം വികാരഭരിതനാക്കുന്നു. ഈ ദിവസങ്ങളിൽ പുഞ്ചിരിയും സന്തോഷവും തിരികെ കൊണ്ടുവന്നതിനു കാർട്ടൂൺ നെറ്റ്വർക്കിന് നന്ദി,' ഒരാൾ ടിറ്ററിൽ കുറിച്ചു.'എനിക്കിത് എപ്പോഴും ഡിസ്നിയുടെയും നിക്കലോഡിയന്റെയും കാർട്ടൂൺ നെറ്റ്‌വർക്കായിരുന്നു,' മറ്റൊരാൾ പറഞ്ഞു. 'എന്റെ കുട്ടിക്കാലം ഇല്ലാതാവുന്നത് എല്ലാ ദിവസവും ഞാൻ ടിറ്ററിൽ കാണുന്നു,' എന്ന് വേറൊരാൾ കുറിച്ചു. 'ഓർമകൾക്ക് നന്ദി. ആർ ഐ പി ബ്രോ,' എന്നായിരുന്നു മറ്റൊരു കമന്റ്.1992 ഒക്ടോബർ ഒന്നിനാണു കാർട്ടൂൺ നെറ്റ്‌വർക്ക് സ്ഥാപിതമായത്. അതേസമയം, ലയനം സംബന്ധിച്ച വാർത്തകൾ പരക്കുന്നതിനിടെ, ആനിമേഷൻ ഉൾപ്പെടെ വിവിധ ഡൊമെയ്നുകളിൽ പ്രവർത്തിക്കുന്ന 82 ജീവനക്കാരെ വാർണർ ബ്രോസ് പിരിച്ചുവിട്ടതായി റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്.





## ഓപൺ അത്‌ലറ്റിക്സ്; റൈസിങ് റോസി

**ബംഗളൂരു:** ദിവസങ്ങൾക്കു മുമ്പ് ഗാന്ധിനഗറിൽ ദേശീയ ഗെയിംസിൽ കുറിച്ച റെക്കോഡ് തിരുത്തിയ റോസി മീന പോൾരാജിന്റെ പ്രകടനത്തോടെ ദേശീയ ഓപൺ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് ബംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ തുടക്കം. ദേശീയ ഗെയിംസിലെ 4.20 മീറ്റർ എന്ന റെക്കോഡാണ് 4.21 മീറ്ററാക്കി റോസി പുതുക്കിയത്. മലയാളി താരം വി.എസ്. സുരേഖ 2014ൽ കുറിച്ച 4.15 മീറ്റർ എന്ന മീറ്റ് റെക്കോഡും പഴങ്കഥയായി. തമിഴ്നാട് മെഡലുകൾ തൂത്തുവാരിയ വനിതകളുടെ പോൾവാൾട്ടിൽ ആദ്യ മൂന്നു സ്ഥാനങ്ങളിൽ ദേശീയ ഗെയിംസിലെ അതേ ഫലം പിറന്നപ്പോൾ റോസി മീന പോൾരാജ് സ്വർണവും പവിത്ര വെങ്കിടേഷ് (നാല് മീ.) വെള്ളിയും ഭരണിക്ക ഇളങ്കോവൻ (നാല് മീ.) വെങ്കലവും നേടി. കേരളത്തിന്റെ മരിയ ജയ്സൺ (3.8 മീ.) നാലാമതായി.തന്റെ ദേശീയ റെക്കോഡ് തകർത്ത റോസിക്ക് അഭിനന്ദനവുമായി സുരേഖ സ്റ്റേഡിയത്തിലെത്തി. റോസിയുടെ പ്രകടനത്തിൽ ഏറെ സന്തോഷമുണ്ടെന്നും പോൾവാൾട്ടിൽ തമിഴ്നാട്ടിൽനിന്നുള്ള പുതിയ കുതിപ്പിൽ പ്രതീക്ഷയുണ്ടെന്നും സുരേഖ പറഞ്ഞു. തമിഴ്നാട് തഞ്ചാവൂർ സ്വദേശിയാണ് 25കാരിയായ റോസി. കോച്ച് ബർണാഡിന് കീഴിലാണ് റോസിയുടെയും പവിത്രയുടെയും പരിശീലനം.ശനിയാഴ്ച നടന്ന വനിതകളുടെ ഡിസ്കസ് ത്രോ ഫൈനലിൽ റെയിൽവേസിന്റെ പരംജോത് കൗർ (50.81 മീറ്റർ) സ്വർണവും നിധി റാണി (50.29 മീറ്റർ) വെള്ളിയും യു.പിയുടെ നീതിക വർമ (49.7 മീറ്റർ) വെങ്കലവും നേടി. 20 കിലോമീറ്റർ നടത്തത്തിൽ പുരുഷ വിഭാഗത്തിൽ സൂരജ് പൻവാർ (ഉത്തരാഖണ്ഡ്), അക്ഷദീപ് സിങ് (പഞ്ചാബ്), പരംജീത് സിങ് (സർവിസസ്) എന്നിവരും വനിത വിഭാഗത്തിൽ രവീണ (റെയിൽവേസ്), വന്ദന (കർണാടക), മുനിത പ്രജാപതി (യു.പി) എന്നിവരും യഥാക്രമം മെഡൽ ജേതാക്കളായി.

# സെൽഫ് ഗോൾ, ഇഞ്ച്വറി ടൈമിൽ രണ്ടാം വട്ടം; സ്വന്തം തട്ടകത്ത് ഒഡിഷയെ വീഴ്ത്തി മുംബൈ

**മുംബൈ:** ഐഎസ്എല്ലിൽ മുംബൈ സിറ്റി മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് ഒഡിഷ എഫ്സിയെ വീഴ്ത്തി.മുംബൈയുടെ ഹോം ഗ്രൗണ്ടിൽ എവേയ്ക്കിറങ്ങിയ ഒഡിഷ മികച്ച പോരാട്ടം പുറത്തെടുത്തു. എന്നാൽ രണ്ടാം പകുതിയുടെ തുടക്കത്തിൽ വഴങ്ങിയ സെൽഫ് ഗോൾ അവരുടെ വിധി നിർണയിച്ചു. ഒടുവിൽ കളി തീരാൻ നിമിഷങ്ങൾ മാത്രമുള്ളപ്പോൾ അവർ രണ്ടാം ഗോളും വഴങ്ങി.ആദ്യ പകുതിയിൽ മികച്ച ചില അവസരങ്ങൾ ലഭിച്ചെങ്കിലും ഒഡിഷ താരങ്ങൾക്ക് അതൊന്നും ഗോളിലെത്തിക്കാൻ സാധിച്ചില്ല. 50ാം മിനിറ്റിലാണ് മത്സരത്തിന്റെ ഫലം നിർണയിച്ച സെൽഫ് ഗോളിന്റെ പിറവി.പന്തുമായി ഒഡിഷ ഡിഫൻഡർമാരെ മാറികടന്ന് മുന്നോട്ടു കയറിയ ലാലിയൻസുല ചാങ്തെയുടെ മുന്നേറ്റമാണ് ഗോളിന് വഴിവെച്ചത്. ചാങ്തെയുടെ ഷോട്ട് ഒഡിഷ ഗോൾകീപ്പർ അമരിന്ദർ സിങ് മികച്ച രീതിയിൽ രക്ഷപ്പെടുത്തി, പക്ഷേ അമരിന്ദർ തട്ടിയകറ്റിയ പന്ത് നിർഭാഗ്യവശാൽ പോസ്റ്റിന് തൊട്ടുമുന്നിലുണ്ടായിരുന്ന ഒഡിഷ ഡിഫൻഡർ ശുഭം സാരംഗിയുടെ കാലിൽ തട്ടി വലയിലെത്തി.58ാം മിനിറ്റിൽ മൗറീസിയോയുടെ മുന്നേറ്റം ഒഡിഷയ്ക്ക് സമനില ഗോൾ സമ്മാനിക്കുമെന്ന് തോന്നിച്ചു. മുംബൈ ഗോൾകീപ്പർ ലാച്ചെൻപ ടീമിനെ രക്ഷിച്ചു. പിന്നാലെ മുംബൈ ലീഡ് നേടിയെന്ന് ഉറപ്പിച്ച ഗ്രെഗ് സ്റ്റീവർട്ടിന്റെ ഒരു ഷോട്ട് രക്ഷപ്പെടുത്തി അമരിന്ദർ ഒഡിഷയേയും കാത്തു.കളി അവസാനിക്കാൻ സെക്കൻഡുകൾ മാത്രം ബാക്കി നിൽക്കേ സ്റ്റീവർട്ടിന്റെ പാസിൽ നിന്ന് ബിപിൻ സിങ് മുംബൈയുടെ ഗോൾ പട്ടിക തികച്ചു. ജയത്തോടെ രണ്ട് മത്സരങ്ങളിൽ നിന്ന് നാല് പോയിന്റുമായി മുംബൈ രണ്ടാം സ്ഥാനത്ത്.

## അവന് വെറും 28 വയസ്സേയുള്ളു. ലോകകപ്പിനേക്കാൾ പ്രധാനം അവന്റെ കരിയർ : രോഹിത് ശർമ്മ

ടി20 ലോകകപ്പ് കളിപ്പിക്കുന്നതിനേക്കാൾ ജസ്പ്രീത് ബുംറയുടെ കരിയർ രക്ഷപ്പെടുത്തന്നതാണ് പ്രധാനമെന്ന് ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ്മ.മെൽബണിൽ നടന്ന പത്ര സമ്മേളനത്തിലാണ് താരം ഇക്കാര്യം പറഞ്ഞത്. ഇന്ത്യൻ പേസർ ജസ്പ്രീത് ബുംറ പുറത്തിന് പരിക്കേറ്റ് പുറത്തായിരുന്നു.'ഞങ്ങൾ ഒരുപാട് വിദഗ്ദരുമായി ബുംറയുടെ പരിക്കിനെ പറ്റി സംസാരിച്ചിരുന്നു. പക്ഷേ ഞങ്ങൾ ആഗ്രഹിച്ചത് കിട്ടിയില്ലാ. ഈ ലോകകപ്പ് പ്രധാനമാണ്. അതിനേക്കാൾ പ്രധാനപ്പെട്ടതാണ് ബുംറയുടെ കരിയർ 'അവന് 27-28 വയസ്സേയുള്ളു. ഒരുപാട് ക്രിക്കറ്റ് അവൻറെ മുൻപിൽ ഉണ്ട്. അതുകൊണ്ട് റിസ്ക് എടുക്കാനാവില്ലാ. ' രോഹിത് ശർമ്മ പറഞ്ഞു.ഒരുപാട് മത്സരങ്ങൾ ബുംറ കളിക്കുമെന്നും ഇന്ത്യയെ വിജയിപ്പിക്കുമെന്നും രോഹിത് കൂട്ടിചേർത്തു. ജസ്പ്രീത് ബുംറക്ക് പകരമായി മുഹമ്മദ് ഷാമിയേയാണ് തിരഞ്ഞെടുത്തിരിക്കുന്നത്.



# വനിത ലീഗ്: ലോഡ്സ് എഫ്.എ ജേതാക്കൾ

**കോഴിക്കോട്:** രാംകോ കേരള വനിത ലീഗ് ഫുട്ബാളിൽ ലോഡ്സ് എഫ്.എ കൊച്ചിക്ക് കിരീടം. കോർപറേഷൻ സ്റ്റേഡിയത്തിൽ ഇന്ത്യൻ വിമൻസ് ലീഗിലെ നിലവിലെ ജേതാക്കളായ ഗോകുലം കേരള എഫ്.സിയെ രണ്ടിനെതിരെ അഞ്ചു ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ലോഡ്സിൻറെ വിജയം. തകർപ്പൻ പാസിങ്ങിലൂടെയും ഷോട്ടുകളിലൂടെയും ഗോകുലത്തെ വിറപ്പിച്ച് മുന്നേറ്റം നടത്തിയ മ്യാൻമർകാരി വിൻ തെങ്കി ടൺ ആണ് ലോഡ്സിൻറെ വിജയശിൽപി. ലോഡ്സ് നേടിയ അഞ്ചു ഗോളുകളിൽ നാലും വിന്നിൻറേതാണ്. 27, 40, 53, 88 മിനിറ്റുകളിൽ വിൻ ഗോകുലത്തിന്റെ വലചലിപ്പിച്ചു. ഇന്ദുമതി കതിരേശനാണ് ഒരു ഗോൾ നേടിയത്. 10 മത്സരങ്ങളിലായി 49 ഗോളുകൾ നേടിയ വിൻ ആണ് ടോപ സ്കോറർ. ലോഡ്സിൻറെതന്നെ ഇ.എം. വർഷയാണ് മികച്ച ഗോൾ കീപ്പർ. മികച്ച ഡിഫൻഡർ ഗോകുലം കേരള എഫ്.സിയുടെ ഫെമിന രാജാണ്.ലോഡ്സ് ചാമ്പ്യന്മാരായതോടെ ഇക്കുറി ദേശീയ വനിത ലീഗിൽ കേരളത്തിൽനിന്ന് രണ്ടു ടീമുകളുണ്ടാവും. നിലവിലെ ചാമ്പ്യന്മാരായ ഗോകുലം ദേശീയ വനിത ലീഗിലേക്ക് ക്വാളിഫൈഡ് ആണ്. കോച്ച് അമൃത അരവിന്ദിൻറെ ശിക്ഷണത്തിൽ ലോഡ്സ് എഫ്.എ, ഗോകുലത്തെ ശക്തമായ പ്രതിരോധനിര തീർത്ത് ഗോകുലത്തെ ലോഡ്സ് വരുതിക്ക് നിർത്തുകയായിരുന്നുട്രോഫിയും കാഷ് പ്രൈസും തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ സമ്മാനിച്ചു. കെ.എഫ്.എ പ്രസിഡന്റ് ടോം ജോസ്, സെക്രട്ടറി അനിൽകുമാർ, വൈസ് പ്രസിഡൻറ് അബ്ദുൽ കരീം, സുകുമാരൻ, കെ.വി. മനോജ് കുമാർ, വിനോദ് എന്നിവർ പങ്കെടുത്തു.



EDITORS CHOICE

# ദേശീയ ബോസ് ദിനം

ഒക്ടോബർ 16-ന്, ദേശീയ ബോസ് ദിനം അല്ലെങ്കിൽ ബോസ് ദിനം എന്നും അറിയപ്പെടുന്ന ദേശീയ ബോസ് ദിനം, ജോലിസ്ഥലത്തെ മേൽനോട്ടം വഹിക്കുന്ന കഠിനാധ്വാനികളായ ബോസിനെ അംഗീകരിക്കുന്നു. ജീവനക്കാർ അവരുടെ മേലധികാരികളോട് അഭിനന്ദനവും നന്ദിയും ഇ ദിനത്തിൽ അറിയിക്കുന്നു. വർഷം മുഴുവനും അവർ തങ്ങളുടെ ബോസിന്റെ ദയയും നീതിയും ഓർക്കുന്നു. (ഒക്ടോബർ 16 ഒരു വാരാന്ത്യത്തിലാണെങ്കിൽ, ഈ ദിവസം ഏറ്റവും അടുത്തുള്ള പ്രവൃത്തി ദിവസത്തിൽ ആഘോഷിക്കപ്പെടുന്നു.പല നേതാക്കളും ഭാരിച്ച ചുമടുകളാണ് ചുമക്കുന്നത്. അവർ നിരവധി ജീവനക്കാരുടെ മേൽനോട്ടം വഹിക്കുകയും അവരുടെ കരിയറിനെ നയിക്കുകയും ചെയ്യുന്നു. ഒരു വകുപ്പ്, ബിസിനസ്സ് അല്ലെങ്കിൽ ഓർഗനൈസേഷൻ എന്നിവയുടെ ഉത്തരവാദിത്തം അവരുടെ സ്ഥാനം വഹിക്കുകയും അതിനെ വിജയത്തിലേക്ക് നയിക്കുകയും ചെയ്യുമ്പോൾ, അവരുടെ ഉത്തരവാദിത്തങ്ങളുടെ പട്ടിക ബഹുമുഖമാണ്.ചില മേലധികാരികൾക്ക് മുതലാളിമാരുണ്ട്. ഒരു സ്ഥാപനത്തിന്റെ വലിപ്പം അനുസരിച്ച്, ആ മേലധികാരികൾ മറ്റൊരാൾക്ക് ഉത്തരം നൽകുന്നു. വാസ്തവത്തിൽ, എല്ലാവർക്കും ഒരു തരം ബോസ് ഉണ്ട്. നിങ്ങളുടെ ബോസ് ഉടമയാണെങ്കിൽ, അവർ ഇപ്പോഴും നികുതിക്കാരോടും ഉപഭോക്താക്കളോടും അവരുടെ വ്യാപാരികളോടും ഉത്തരം നൽകുന്നു. മികച്ച ജീവനക്കാരുമായി ഒരു ബിസിനസ്സ് സുഗമമായി നടത്തുന്നതിന് ബാലൻസ് ആവശ്യമാണ്. ഈ മേലധികാരികൾക്ക് അവരുടെ മികച്ച ജീവനക്കാരെ എങ്ങനെ മുന്നോട്ട് വയ്ക്കാമെന്നും പ്രതീക്ഷിക്കുന്ന ആത്മവിശ്വാസത്തോടെ നയിക്കാമെന്നും ഒരു ബോസ്സിനറിയാം അറിയാം.എല്ലാ ബോസ്സുമാർകും ഈ ദിനത്തിൽ ആശംസകൾ അറിയിക്കുന്നു. കേരളപ്രണാമം കുടുംബത്തിനെ നയിക്കുന്ന ചെയർമാനും , മാനേജിംഗ് ഡയറക്ടർക്കും ഈ ബോസസ്സ് ഡേയിൽ ഒരു ബിഗ് സല്യൂട്ട്



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com